25 years

Kandanad

Diocesan BULLETIN

A PUBLICATION OFTHE KANDANAD EAST DIOCESE OFTHE MALANKARA ORTHODOX SYRIAN CHURCH

Vol. 5 No. 10, 15 October 2017

എഡിറ്റോറിയൽ

"വാഹനം കുറയ്ക്കൂ; ആരോഗ്യം വളർത്തൂ"

കേരളത്തിൽ വാഹനപ്പെരുപ്പം രൂക്ഷമായി അനുഭവപ്പെടാൻ തുടങ്ങിയിട്ട് കുറച്ചുകാലമായി. അതോടെ ഗതാഗതക്കുരുക്കും (traffic jam) വർദ്ധിച്ചു. അതുമൂലം വാഹനങ്ങളിൽ യാത്ര ചെയ്യുന്നവർക്ക് മണിക്കൂറുകൾ കുരുക്കഴിയാൻ കാത്തുകിടക്കേണ്ടിവരുന്നു. യാത്രാ സമയം അനിശ്ചിതമായി ദീർഘിക്കുന്നതുകൊണ്ടുള്ള അസൗകര്യങ്ങൾ മാത്രമല്ല, രോഗികളെ സമയത്ത് ആശുപത്രികളിൽ എത്തിക്കാൻ കഴിയാതെ മാർഗ്ഗമധ്യേ മരണം വരെ സംഭവിക്കുക പതിവായിത്തീർന്നിരിക്കുന്നു.

കവലകളിലും മറ്റ് അവശ്യ സ്ഥാനങ്ങളിലും ഓവർ ബ്രിഡ്ജും, ഫ്ളൈ ഓവറും ഇല്ലാത്തതും റോഡുകൾക്ക് പൊതുവെയുള്ള വീതിക്കുറവും അവിടവിടെയുള്ള bottle neck കളും, ഇടുങ്ങിയ പാലങ്ങൾ, വാഹനബാഹുല്യം ഗതാഗതം നിയന്ത്രിക്കുന്നവരുടെ കഴിവുകേട്, ഡ്രൈവർമാരുടെ വിവരക്കുറവ്, ധിക്കാരം എന്നിവയുമാണ് ഗതാഗതക്കുരുക്കിനുള്ള പ്രധാനകാരണങ്ങൾ. മുമ്പ് കേരളം മുഴുവൻ ഒരു ഗ്രാമമായി തോന്നിച്ചിരുന്നെങ്കിൽ ഇപ്പോൾ ഒറ്റനഗരംപോലെ ആയിത്തീർന്നിട്ടുണ്ട്. മോട്ടോർ വാഹനങ്ങളുടെ അമിതമായ ഉപയോഗം, റോഡിലെ കുണ്ടുകുഴികൾ, റോഡുസംരക്ഷണ നിർമ്മാണപ്രവർത്തനങ്ങൾ എന്നിവയും ഗതാഗതതടസ്സമുണ്ടാക്കുന്നു. റബ്ബറിന്റെ റിക്കാർഡ് വില തുടർന്നിരുന്നെങ്കിൽ കേരളത്തിലെ റോഡുകളിൽ വാഹനങ്ങളുടെ "വെള്ളപ്പൊക്കം"തന്നെ ഉണ്ടാകുമായിരുന്നു.

വാഹനങ്ങളുടെ ആധിക്യവും ഗതാഗത തടസ്സവും നിമിത്തം യാത്രാസമയം വർദ്ധിച്ച് കുഴപ്പങ്ങൾ സംഭവിക്കുകമാത്രമല്ല കൂടുതൽ ഇന്ധനം കത്തിക്കേണ്ടിവരികയും ശബ്ദ-വാതക മലിനീകരണം അധികരിക്കുകയും ചെയ്യും. ഇവയെല്ലാം ഇന്ന് ലോകത്ത്-പ്രത്യേകിച്ച് വികസിത രാജ്യങ്ങളിൽ വലിയ പ്രശ്നമായിരിക്കുകയാണ്. വാഹനപ്പെരുപ്പവും ഉപയോഗവും നിയന്ത്രിക്കുന്നതു സംബന്ധിച്ച് ബോധവല്ക്കരണം സർവ്വമാർഗ്ഗേണയും വ്യാപിപ്പിക്കേണ്ടതുണ്ട്.

അമിതമായ വാഹനോപയോഗത്തിന്റെ ദോഷഫലങ്ങൾ ജനങ്ങളെ ഓർമ്മപ്പെടുത്തുന്നതിനായി രാജ്യവ്യാപകമായും നഗര കേന്ദ്രീകൃതമായും വാഹന വർജ്ജിത (vehicle free) ദിനങ്ങൾ ആചരിക്കാറുണ്ട്. ഈ മാസം ഒന്നാം തീയതി പാരീസ് നഗരം കാർവിമുക്ത ദിനമായി ആചരിക്കുകയുണ്ടായി. ഏതാനും മാസങ്ങൾ മുമ്പ് മലങ്കര ഓർത്തഡോക്സ് സഭ ഒരു ഞായറാഴ്ച ഈ വിധത്തിൽ ആചരിച്ചതായി ഓർക്കുന്നു. ആ ദിവസം കഴിയുന്നവരെല്ലാം നടന്നോ, സൈക്കിളിലോ പള്ളികളിലെത്തണമെന്നും തിരികെപ്പോകണമെന്നുമായിരുന്നു നിർദ്ദേശം. കേരളത്തിൽ ഇതിന്റെ ആവശ്യമുണ്ടോ എന്നു ചോദിച്ചേക്കാം. കാരണം കൂടെക്കൂടെ ഇവിടെ നടക്കുന്ന ഹർത്താൽ വാഹനവിമുക്തമാണല്ലോ. പക്ഷേ അവയുടെ ലക്ഷ്യം മറ്റു ചിലതാണ്.

മോട്ടോർ വാഹനോപയോഗം നിയന്ത്രിക്കാൻ എന്തൊക്കെയാണ് ചെയ്യാൻ കഴിയുക? ഇവിടെ നൽകുന്ന നിർദ്ദേശങ്ങൾ അവസരാനുസരണം ഔചിത്യപൂർവ്വം സ്വീകരിക്കേണ്ടവയാണ്. അത്യാവശ്യ അവസരങ്ങളിൽ മാത്രം മോട്ടോർ വാഹനങ്ങൾ ഉപയോഗിക്കുക, എത്തേണ്ട ദൂരം രണ്ടു മൂന്നു കിലോമീറ്റർ മാത്രമെങ്കിൽ നടക്കുക. 10 കിലോമീറ്റർ വരെയെങ്കിൽ സൈക്കിൾ ഉപയോഗിക്കുക.

EDITORIAL BOARD

President
H. G. Dr. Thomas Mar Athanasius
Metropolitan

Chief Editor
Fr. Abraham Karammel

Mg.Editor
Mr. P. J. Varghese

Associate Editors
Fr. Kochuparambil Geevarghese Ramban
Fr. Aby Ulahannan

Technical Adviser
Mr. George Paul

Members
Fr. Marydas Stephen
Fr. Alias Kuttiparichel
Fr. Shibu Kurian
Prof. Dr. M. P. Mathai
Mr. A. G. James
Mrs. Jiji Johnson

www.kandanadeast.org

ഉള്ളടക്കം

പേജ്

എഡിറ്റോറിയൽ
വാഹനം കുറയ്ക്കൂ; ആരോഗ്യം വളർത്തൂ 1

2017 വിധി: 1934 ഭരണഘടന സഭയ്ക്ക് നിബന്ധിതമാക്കുന്നു 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

അഭിമുഖം 6
പി.ജെ. വർഗീസ്

അധികാര-അവകാശസ്ഥാപനം സ്നേഹത്താൽ നിയന്ത്രിതമാകണം 11
ഡോ. തോമസ് മാർ അത്താനാസ്യോസ്

മലങ്കര സഭാ ഐക്യം: എക്യുമെനിക്കൽ കാഴ്ചപ്പാടിൽ 13
ഫാ. എബ്രഹാം കാരാമ്മേൽ

കടൽ 15
ജോയി മേങ്കോട്ടിൽ

കേരളം ഇന്ന് സൈക്കിൾ ഏതാണ്ട് ഉപേക്ഷിച്ച മട്ടുണ്ട്. വികസിതരാജ്യങ്ങളിൽ ഹ്രസ്വദൂരയാത്രകളെല്ലാം ഇപ്പോഴും സൈക്കിളിലാണ്. ഒരു സംഭവമോർക്കുന്നു. ഒരിക്കൽ ഞങ്ങൾക്ക് 3 ജർമ്മൻകാർ വിരുന്നുകാരായി ഉണ്ടായിരുന്നു. രണ്ടു സ്ത്രീകളും അവരിൽ ഒരാളുടെ ഭർത്താവും. അവർക്ക് ഞാൻ പഠിപ്പിച്ചിരുന്ന സ്കൂൾ ഒന്നു സന്ദർശിക്കണമെന്നൊരാഗ്രഹം. എങ്ങനെപോകുമെന്ന് ആലോചിച്ചപ്പോൾ അവർ ആദ്യം വച്ച നിർദ്ദേശം സൈക്കിളിൽ പോകാമെന്നായിരുന്നു. എനിക്കുൾപ്പെടെ നാലു സൈക്കിൾ വേണം. ഞങ്ങളുടെ പ്രദേശം മുഴുവൻ തപ്പിയാൽ പോലും കിട്ടില്ല. ഞങ്ങൾ അതുകൊണ്ട് നടന്നാണ് പോയത്. സൈക്കിൾ നാട്ടിൽ നിന്ന് അപ്രത്യക്ഷമായി കഴിഞ്ഞു. നാട്ടിൻപുറങ്ങളിൽപ്പോലും സ്കൂട്ടറും , ബൈക്കും , ഓട്ടോറിക്ഷയും, കാറും മാത്രം.

എന്നാൽ സൈക്കിളിനെഎങ്ങനെയും തിരികെകൊണ്ടുവരേണ്ടതുണ്ട്. അതിന് ഡോക്ടർമാരുടെ സഹായം തേടിയാലും വേണ്ടില്ല. ചികിത്സക്കെത്തുന്നവരോടെല്ലാം ദിവസവും 10 കിലോമീറ്ററെങ്കിലും സൈക്കിൾ ചവിട്ടണമെന്ന് അവർ പറയണം. വേണ്ടിവന്നാൽ കുറിച്ചുകൊടുക്കുകയും വേണം. കൂടാതെ സർവ്വ മീഡിയായിലും പരസ്യവും നൽകാം. അല്ലാതെ നമ്മുടെ ആളുകളെ സൈക്കിളാരൂഢരാക്കാൻ കഴിയുമെന്നു തോന്നുന്നില്ല.

ഇംഗ്ലീഷ് മീഡിയം സ്കൂൾ വിട്ടിറങ്ങുന്ന കുട്ടികളെ ശ്രദ്ധിച്ചിട്ടുണ്ടോ? മിക്കതിനെയും കണ്ടാൽ പേടിയാകും. വീർത്തുപൊട്ടിപ്പോകുമെന്ന പേടി. ഒരെണ്ണം പോലും നൂറു മീറ്റർ നടക്കില്ല. കാരണവന്മാർ നടത്തുകയുമില്ല. ക്ലാസും ട്യൂഷനും ടിവിയും കഴിഞ്ഞു കളിക്കാൻ നേരവുമില്ല. "സ്കൂട്ടർ കൂടാതെ സ്കൂളിലേക്കില്ല. കാർ ഇല്ലാതെ കോളജിലേക്കില്ല" എന്നാണ് കുട്ടികളുടെ മുദ്രാവക്യം. "ങ്ഹാ! അന്തസായിപ്പോട്ടെ" എന്നാണ് കാരണവന്മാരുടെ മനോഭാവവും.

പെരുത്ത കാറിൽ ഒരാൾ മാത്രം യാത്ര ചെയ്യുന്നത് ധാരാളം കാണാം. ഒരു ബസ്സിൽ യാത്ര ചെയ്യാവുന്നവർ 60 കാറുകളിൽ! കഴിവുള്ളിടത്തോളം പൊതുവാഹനങ്ങളിൽ യാത്ര ചെയ്താൽ വാഹനത്തെരക്ക് ഗണ്യമായി കുറയ്ക്കാം. നമ്മുടെ K.S.R.T.C. മരിക്കാതിരിക്കുമൊ എന്നു പരീക്ഷിക്കുകയും ചെയ്യാം.

അത്യാവശ്യമില്ലാത്തതും അനാവശ്യവുമായ യാത്രകൾ ഒഴിവാക്കണം. 'പുള്ളമുക്കി'ന് ബാംഗ്ലൂർക്ക്, 'കേറിത്താമസ'ത്തിന് കോയമ്പത്തൂർക്ക്, കല്യാണത്തിന് ചെന്നൈയ്ക്ക്. എല്ലാം കാറിൽ! കാറിൽ മാത്രം!!

ഏതായാലും വാഹനപ്പെരുപ്പം നിയന്ത്രിച്ചേ പറ്റൂ. ഇക്കാര്യത്തിൽ സഭയ്ക്കും പങ്കു വഹിക്കാനുണ്ട്. ആണ്ടിൽ ഒരിക്കലുള്ള വാഹനബഹിഷ്കരണം കൊണ്ടു കാര്യമില്ല. വാഹനയാത്ര അത്യാവശ്യത്തിനു മാത്രം. ആവശ്യങ്ങൾക്കെല്ലാം നടപ്പും സൈക്കിളും പൊതുവാഹനങ്ങളും. ഇതായിരിക്കട്ടെ നമ്മുടെ ശീലം. നമുക്ക് ഒരുമിച്ചു വിളിക്കാം. "വാഹനം കുറയ്ക്കൂ; ആരോഗ്യം വളർത്തൂ!"

മെത്രാപ്പോലീത്തായുടെ കത്ത്

2017 വിധി: 1934 ഭരണഘടന സഭയ്ക്ക് നിബന്ധിതമാക്കുന്നു

മലങ്കര സഭാകേസിൽ 2017 ജൂലൈ 3 ന് സുപ്രീംകോടതിയിൽ നിന്നുണ്ടായവിധി വാസ്തവത്തിൽ ആർക്കും ജയമോ പരാജയമോ നല്കുന്നതല്ല. നേരെ മറിച്ച് 1934-ലെ ഭരണഘടന സഭയ്ക്ക് മുഴുവനായി ബാധകമാക്കുന്ന രേഖയാണ്. അത് ഇടവകയ്ക്കും സഭാംഗങ്ങൾക്കും സഭയുമായി ബന്ധപ്പെട്ട എല്ലാവർക്കും ബാധകമാക്കിയിരിക്കുകയാണ്. അതോടെ 1995-ലെ വിധിയിലെ അവ്യക്തതകൾ എല്ലാം മാറ്റി ഭരണഘടനയുടെ പൂർണ്ണമായ ആധിപത്യത്തിലൂടെ സഭാസംവിധാനത്തിന്റെ ഘടനയും പ്രവർത്തനവും ഓരോ സ്ഥാനസമിതികളുടെയും പ്രവർത്തനസ്വാതന്ത്ര്യ പരിധികൾ വ്യക്തമാക്കുകയുമാണ് ചെയ്തിരിക്കുന്നത്. ഭരണഘടന വിഭാവനം ചെയ്യാത്ത അഥവാ ഭരണഘടനോപരിയായ സകലവും നിയന്ത്രിക്കപ്പെടേണ്ടതുണ്ട് എന്ന് സ്ഥാപിക്കുകയും സഭാംഗങ്ങളെ ഓർമ്മിപ്പിക്കുകയും ചെയ്യുന്ന വിധിയാണ്. ഇങ്ങനെ ഈ വിധി യഥാർത്ഥത്തിൽ സഭൈക്യത്തിന് അനുകൂലമായ സാഹചര്യം സൃഷ്ടിച്ചിട്ടുണ്ട് എന്നുകൂടി നാം മനസ്സിലാക്കേണ്ടതുണ്ട്.

ഞാൻ ഈ പ്രസ്താവന നടത്തുന്നത് വളരെ ബോധപൂർവ്വമാണ്. ഈ ഭരണഘടന എന്നത് മലങ്കരസഭയിലെ ഓർത്തഡോക്സ് വിഭാഗത്തിന്റെ മാത്രമല്ല, പാത്രിയർക്കീസ് വിഭാഗത്തിന്റേതുകൂടി ആണെന്ന് തിരിച്ചറിയാൻ അവർ മനസ്സുവയ്ക്കണം. ഈ ഭരണഘടനയ്ക്ക് ആധാരം കക്ഷിവിഭജനത്തിന് മുമ്പേ സഭയിൽ നിലനിന്നിരുന്ന ഭരണക്രമീകരണങ്ങളാണ്. അതുപോലെ പാത്രിയർക്കേറ്റുമായുള്ള ബന്ധം നിർണ്ണയിച്ചിരിക്കുന്നത് പരി. അബ്ദുൽ മ്ശിഹാ പാത്രിയർക്കീസ് ബാവാ ഇവിടെ കാതോലിക്കേറ്റ് സ്ഥാപനസമയത്ത് നൽകിയ കല്പനയുടെ അടിസ്ഥാനത്തിലാണ്. കൂടാതെ കാതോലിക്ക-പാത്രിയർക്കീസ് ബന്ധം നിർണ്ണയിക്കുന്ന വകുപ്പുകൾ 9-ാം നൂറ്റാണ്ടിൽ അന്ത്യോഖ്യാപാത്രിയർക്കീസിന്റെയും പൗരസ്ത്യ കാതോലിക്കയുടെയും അദ്ധ്യക്ഷതയിൽ ചേർന്ന കപ്പർത്തൂത്ത സുന്നഹദോസിലെ തീരുമാനപ്രകാരവുമാണ്. അതാകട്ടെ ഹൂദായ കാനോനിൽ രേഖപ്പെടുത്തി സഭയ്ക്ക് ബാധകമാക്കിയ വിഷയവുമാണ്. അതുകൊണ്ട് 1934-ലെ ഭരണഘടന എന്നത് കാതോലിക്കാപക്ഷം പാത്രിയർക്കീസ് പക്ഷത്തിനുമേൽ അടിച്ചേല്പിച്ച ഒരു ഭരണക്രമീകരണമല്ല.

ഈ ഭരണഘടന 1958-75 കാലഘട്ടത്തിൽ മുൻ പാത്രിയർക്കീസ് കക്ഷിയിലെ പിതാക്കന്മാർ അംഗീകരിച്ചതും സഭാഭരണത്തിൽ ബാധകമാക്കിയതുമാണ്. അതിലെ ന്യൂനതകൾ ഇരുവിഭാഗങ്ങളും ചേർന്ന് തൃപ്തികരമാക്കിയതുമാണ്. പിന്നീട് സഭയിൽ ഭിന്നതയുണ്ടായത് ഭരണഘടനയെപ്രതി അല്ല. ഇക്കാരണങ്ങളാലെല്ലാം അത് പാത്രിയർക്കീസ് വിഭാഗത്തിനുകൂടി സ്വീകാര്യവും അംഗീകാര്യവുമായ ഭരണഘടനയാണ് എന്ന് അവർ തിരിച്ചറിയണം.

ഇതുകൂടാതെ 1975 നുശേഷം പുനർജീവിച്ച പാത്രിയർക്കീസ് പക്ഷത്തിന്റെ ആവശ്യംകൂടി പരിഗണിച്ച് 1995-ലെ സുപ്രീംകോടതി വിധിയിൽ ഇത് കൂടുതൽ ജനകീയമാക്കുകയും സഭയിൽ എല്ലാവർക്കും വീണ്ടും സ്വീകാര്യമാക്കുകയും ചെയ്തു.

ഞാൻ പറഞ്ഞ് സ്ഥാപിക്കാൻ ശ്രമിച്ച കാര്യമിതാണ്. 1934-ലെ സഭാ ഭരണഘടന മുൻകാതോലിക്കാ പക്ഷത്തിന്റെ മാത്രമല്ല, മലങ്കരസഭയുടെ മൊത്തം അംഗീകാരം ഉള്ളതാണ്. അതുകൊണ്ട് ഈ ഭരണഘടന സഭയ്ക്കും പള്ളികൾക്കും വ്യക്തികൾക്കും ബാധകമാക്കിയതുവഴി യഥാർത്ഥത്തിൽ പാത്രിയർക്കീസ് പക്ഷക്കാർക്ക് ഒരു തോല്വിയും സംഭവിച്ചിട്ടില്ല. കോടതിവിധി അംഗീകരിക്കുന്ന ആർക്കും ഒരു അതൃപ്തിയുടെയും പുനർആലോചനയുടെയും ആവശ്യമില്ല. അത് അവരുടെ പിതാക്കന്മാരായ മുൻതലമുറക്കാർ, ഇന്നത്തെ പാത്രിയർക്കീസ് പക്ഷക്കാരായ മേൽപ്പട്ടക്കാർ എന്നിവരെല്ലാം അംഗീകരിച്ചിട്ടുള്ളതാണ്. ഇങ്ങനെയുള്ള ഭരണഘടന അംഗീകരിച്ച് സഭയുടെ സജീവപങ്കാളികളാവാനുള്ള അവകാശമാണ് ഈ വിധി പ്രദാനം ചെയ്തിരിക്കുന്നത്.

മാത്രമല്ല, ഈ സഭയിൽ ഭിന്നത തുടർന്നാൽ-പാത്രിയർക്കീസ് പക്ഷം ഐക്യം നിഷേധിച്ചാൽ- ഒരുപക്ഷേ, പാത്രിയർക്കീസ് ബന്ധം മലങ്കരസഭയ്ക്ക് ഇല്ലാതാകും. ഭരണഘടന തിരുത്തിയാലും ഇല്ലെങ്കിലും ആ ബന്ധം പ്രയോഗത്തിൽ അസ്തമിക്കും. ഇത് പാത്രിയർക്കീസ് പക്ഷം ചിന്തിക്കണം. കൂടാതെ പാത്രിയർക്കീസ് ബാവായുടെ കീഴിൽ മറ്റൊരു സഭാസംവിധാനം നിലനിൽക്കുന്നിടത്തോളം കാലം ഇവ രണ്ട് സഭകളായി ഭിന്നതയിൽ കഴി

യുകയും ചെയ്യും. ഒന്നിച്ച് സ്നേഹത്തിലും ബന്ധത്തിലും കഴിയേണ്ട സഭകൾ ഭിന്നിച്ചും ശത്രുതയിലും കഴിയേണ്ടിവരുന്നതിന് യാതൊരു നീതീകരണവുമില്ല.

പാത്രിയർക്കീസ് കക്ഷിക്ക് അതിലെ സ്ഥാനബന്ധങ്ങൾ ആരോഗ്യകരമായും വ്യവസ്ഥാപിതമായും നിർവചിക്കുന്ന ഒരു ഭരണഘടന ഉണ്ടാകാനുള്ള സാധ്യത കുറവാണ്. പള്ളികളും പാത്രിയർക്കേറ്റും അവയുടെ അവകാശങ്ങൾ ഉറപ്പിച്ചിരിക്കുമ്പോൾ കാതോലിക്കാ, മെത്രാന്മാർ എന്നിവർക്ക് സഭാഭരണത്തിൽ കാര്യമായ നിയന്ത്രണാധികാര സാധ്യത ഉണ്ടാവുകയില്ല. അതുകൊണ്ട് ദൈനംദിനമെന്നോണം ഭരണപ്രതിസന്ധി പ്രതീക്ഷിക്കാം.

ആ സാഹചര്യത്തിൽ ഇപ്പോഴത്തെ കോടതിവിധി അനുസരിച്ച് അവരുടേതുകൂടിയായ 1934-ലെ ഭരണഘടന അംഗീകരിച്ച് സഭയുടെ എല്ലാ അവകാശങ്ങളും സ്വായത്തമാക്കുവാൻ കഴിയുകയാണ് വേണ്ടത്. കോടതിവിധി പ്രകാരം പാത്രിയർക്കീസ് കക്ഷിക്കാർക്ക് യോജിച്ച സഭയുടെ അവകാശികൾ ആകുവാനുള്ള അവസരം കൈവന്നിരിക്കുന്നു. അതുകൊണ്ടാണ് ഇത് പാത്രിയർക്കീസ് കക്ഷിക്കാരെ പുറത്താക്കുന്ന വിധിയല്ല, മറിച്ച് അവരെ നിയമാനുസൃത അവകാശികൾ ആക്കുന്ന വിധിയാണെന്ന് പറയുന്നതിന്റെ അർത്ഥം.

ഇന്നത്തെ മത-രാഷ്ട്രീയ സാഹചര്യത്തിൽ സിറിയ, ഇറാഖ്, ടർക്കി എന്നിവിടങ്ങളിലെ സുറിയാനിസഭ കടുത്ത പീഡനങ്ങൾ അനുഭവിച്ചുവരികയാണ്. സഭ പ്രയാസങ്ങളിലൂടെ കടന്നുപോകുമ്പോൾ ഭരണഘടനയുടെ അടിസ്ഥാനത്തിൽ ഏകമായിത്തീർന്ന മലങ്കര സഭയുടെ സഹകരണം അന്ത്യോഖ്യാ പാത്രിയർക്കേറ്റിനും സുറിയാനി സഭയ്ക്കും നൽകാൻ കഴിയും. കോടതിവിധി അനുസരിച്ച് ഒന്നായിത്തീരുന്നതോടെ അന്ത്യോഖ്യൻ സുറിയാനിസഭയ്ക്ക് എന്നെന്നും മലങ്കരസഭയുടെ പ്രാർത്ഥനയും പിന്തുണയും ഉറപ്പാവുകയും ചെയ്യും. അതുവഴി പരി. പാത്രിയർക്കീസ് ബാവാ മലങ്കര സഭയ്ക്ക് മുഴുവൻ കൂടുതൽ സ്വീകാര്യനും ആദരണീയനുമായിത്തീരുകയും ചെയ്യും എന്ന് പാത്രിയർക്കീസ് വിഭാഗം ഓർക്കുക.

അതുപോലെതന്നെ ഭരണഘടനയ്ക്കുള്ളിൽ സഭാസ്ഥാനികളുടെയെല്ലാം നടപടികൾ പരിമിതപ്പെടുത്തുന്ന വിധിയാണ് 2017 ജൂലൈ 3 ലേത്. അധികാരസ്ഥാനത്തിരിക്കുന്ന ആർക്കും സ്വയമായ അധികാരപ്രയോഗ സാധ്യതയില്ല. അത് ഭരണഘടന അവർക്ക് നൽകുന്നത് മാത്രമാണ്. അതിനു പുറത്തു പോകാൻ അധികാരികൾ വെമ്പുമ്പോൾ ഭരണഘടന പ്രകാരം അതിനെ നിയന്ത്രിക്കാൻ ഐക്യവും ആവശ്യമാണ്. അതായത് സമിതികൾക്കും സ്ഥാനികൾക്കും പ്രവർത്തന ഇടപെടൽ സ്വാതന്ത്ര്യങ്ങൾ, അവകാശങ്ങൾ അനിയന്ത്രിതമായി ഉപയോഗിക്കപ്പെടുവാൻ വിഭജിത സഭയിൽ കൂടുതൽ സാധ്യതയുണ്ട്. വഴക്കും ഭിന്നതയും നിലനിൽക്കുമ്പോൾ സഭയിൽ അധികാര സ്ഥാനത്തിരിക്കുന്നവർക്ക് നിയന്ത്രണം വിട്ട് അധികാരപ്രയോഗം നടത്താനുള്ള അവസരവും കൂടുതലാണ്. അടുത്തകാലത്ത് നടന്ന പല നടപടികൾക്കും തിരിച്ചടി ഉണ്ടായത് ഭരണഘടന അവഗണിച്ച് നീങ്ങിയപ്പോഴാണ്. സ്വേച്ഛാധിപത്യപരമായി പ്രവർത്തിക്കാനുള്ള സ്ഥാനികളുടെയും സമിതികളുടെയും തൃഷ്ണയ്ക്ക് കടിഞ്ഞാണിടുന്നത് ഭരണഘടനയാണ്. കോടതി സഭാഭരണഘടന സഭാസംവിധാനത്തിന് നിബന്ധിതമാക്കുക വഴി ഭരണം ക്രമീകൃതവും നീതിപരവും ആക്കുകയും അധികാരനിയന്ത്രണം നിർവ്വഹിക്കുകയുമാണ്. അതുകൊണ്ട് ഈ ഭരണഘടന സഭാകാര്യങ്ങൾക്ക് ബാധകമാക്കി സഭയിൽ നീതി ഉറപ്പാക്കുന്നതുൾപ്പെടെ ഭരണനിർവ്വഹണം ക്രമപ്പെടുത്തുകയും ചെയ്യുന്നു.

2017-ലെ കോടതിവിധി ഭരണഘടനയ്ക്ക് സംരക്ഷണം നൽകി സഭാഭരണം സംശുദ്ധമാക്കുന്നു. ഭരണഘടനപ്രകാരമുള്ള പദപ്രയോഗങ്ങൾ മാത്രമാണ് ഈ പ്രാവശ്യത്തെ കോടതിവിധി ഉപയോഗപ്പെടുത്തിയിട്ടുള്ളത്. ഭരണഘടനാപരമല്ലാത്ത വിശേഷണങ്ങൾ സഭാരംഗത്ത് സാധാരണമായിക്കൊണ്ടിരിക്കുന്ന സാഹചര്യം ഇന്നുണ്ട്. ഇങ്ങനെയുള്ള സംജ്ഞകൾക്കും പദപ്രയോഗങ്ങൾക്കും ഭരണഘടനാതീതമായ അർത്ഥ-അധികാര സൂചനകൾ ഉണ്ട്. ഉദാഹരണമായി 'പാത്രിയർക്കീസ്-സഭയുടെ പരമാദ്ധ്യക്ഷൻ' എന്ന് പാത്രിയർക്കീസ് പക്ഷക്കാരും, 'കാതോലിക്കാ സഭയുടെ പരമാദ്ധ്യക്ഷൻ' എന്ന് ഓർത്തഡോക്സുകാരും ആ സ്ഥാനികളെ വിശേഷിപ്പിക്കുന്നു. ഈ പദപ്രയോഗത്തിലൂടെ ഈ സ്ഥാനികൾക്ക് ഭരണഘടനാതീതമായ പദവി നൽകാനാണ് ശ്രമം. എന്നാൽ കോടതിവിധി ഈ പദപ്രയോഗങ്ങളും അവയുടെ അർത്ഥസൂചനയും നിഷേധിക്കുന്നു. ഈ രണ്ട് അദ്ധ്യക്ഷസ്ഥാനികൾക്ക് കോടതി ഉപയോഗിക്കുന്ന ഭരണഘടനാപരമായ സംജ്ഞ 'പ്രധാന മേലദ്ധ്യക്ഷൻ' (primate) എന്നാണ്. അതായത് മേൽപ്പട്ടസ്ഥാനികളിൽ മുഖ്യത (primacy) ഉള്ള വ്യക്തി എന്നർത്ഥം. അതുകൊണ്ട് പ്രധാന മേൽപ്പട്ടക്കാരൻ എന്നതിലുപരി പരമാധികാരി എന്ന തലത്തിലും ചിന്തയിലും ഭരണഘടനയ്ക്കുപരി അധികാരപ്രയോഗം നടത്താനുള്ള പ്രധാന മേലദ്ധ്യക്ഷന്മാരുടെ മോഹത്തിന് ഇവിടെ കോടതി നിയന്ത്രണം വയ്ക്കുകയാണ്. 1995-ലെ

വിധിയിൽ വേണ്ടത്ര വ്യക്തതയില്ലാതെ ചേർത്തിട്ടുള്ള പദപ്രയോഗങ്ങൾ 2017 വിധിയിൽ ഭരണഘടനാധിഷ്ഠിതമാക്കി നേതാക്കന്മാരുടെ ഭരണഘടനാതീതമായ അധികാര പ്രയോഗസാധ്യത തടഞ്ഞിരിക്കുകയാണ്. അതായത്, സ്ഥാനബഹുമാനങ്ങൾ ഭരണഘടനാധിഷ്ഠിതവും പ്രവർത്തനങ്ങൾ ഭരണഘടനാ പ്രകാരവും ആയിരിക്കണമെന്ന് കോടതി നിഷ്ക്കർഷിക്കുന്നു. പദവിയാകട്ടെ, അധികാരമാകട്ടെ, പരിധിവിടാൻ പാടില്ല. എല്ലാം ഭരണഘടന നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ നടക്കണം.

അതുപോലെ തന്നെ മെത്രാന്റെ വിശേഷണമായി ഇക്കാലത്ത് സർവ്വസാധാരണമായി പ്രയോഗിക്കപ്പെടുന്ന പദമാണ് 'ഭദ്രാസനാധിപൻ' എന്നത്. 'ഭദ്രാസനമെത്രാപ്പോലീത്ത' എന്നതിനു പകരമാണ് ഈ പുതിയ പ്രയോഗം. എന്നാൽ ഇതും ഭരണഘടനാവിരുദ്ധമായിട്ടാണ് കോടതി കാണുന്നത്. 'ഭദ്രാസനത്തിന്റെ മേൽ ആധിപത്യം നടത്തുന്ന ആൾ' എന്നാണ് ഈ സംജ്ഞ നൽകുന്ന സൂചന. അതായത് ഭദ്രാസന സംവിധാനത്തിൽ തന്റെ മേലന്വേഷണ ഉത്തരവാദിത്തത്തിന് ആധിപത്യ-അധീശത്തഭാവം നൽകി ഭരണഘടന ലംഘിക്കുവാനുള്ള സാഹചര്യം ഒരുക്കുന്നതാണ് ഈ പ്രയോഗം. അതുകൊണ്ടാണ് ഭരണഘടന അത് നിരാകരിക്കുന്നത്. അതായത് ഭരണഘടനാതീതമായ അർത്ഥസൂചനകൾ നൽകുന്ന പേരുകൾ അധികാരസ്ഥാനികൾക്ക് നൽകി ഭരണഘടനയെ നോക്കുകുത്തിയാക്കുവാൻ കോടതി അനുവദിക്കുന്നില്ല. സഭയിൽ അധികാരകേന്ദ്രീകരണവും സ്വേച്ഛാധിപത്യ പ്രവണതയും തലപൊക്കാനുള്ള ചെറിയ സാധ്യതപോലും കോടതി തടയുന്നു. ഇത് ഭരണഘടനയ്ക്ക് രൂപം നൽകിയവർ ആഗ്രഹിച്ച അതിന്റെ ജനാധിപത്യ-എപ്പിസ്കോപ്പൽ സ്വഭാവം നിലനിർത്തുന്നതിന് സഹായകമാവും. 'Power corrupts; absolute power corrupts absolutely.' എന്നത് നാം ഓർക്കണം. പാത്രിയർക്കീസ്, കാതോലിക്കാ, മലങ്കര മെത്രാപ്പോലീത്ത, ഭദ്രാസനമെത്രാപ്പോലീത്താ തുടങ്ങിയ സ്ഥാനികളെ അധികാരികളാക്കുന്നതുവഴിയുള്ള അധികാര കേന്ദ്രീകരണം തടഞ്ഞ് സഭാസംവിധാനം ഭരണഘടനാപ്രകാരമാക്കുവാൻ കോടതി ശ്രദ്ധിക്കുന്നു. ഈ നിയന്ത്രിക്കൽ സഭൈക്യത്തിന് സഹായകമാണ്. സഭയുടെ ഭാവിക്കും നല്ലതാണ്.

സഭാസ്ഥാനികളെ തെരഞ്ഞെടുത്ത് നിയോഗിക്കുന്നത് സഭയിൽ ശുശ്രൂഷ ചെയ്യുന്നതിനാണ്. സഭയുടെ തലവനും (head) പ്രധാന തലവനുമെല്ലാം കർത്താവുതന്നെയാണ്. സഭാസ്ഥാനികളെ ഈ സ്ഥാനത്തു പ്രതിഷ്ഠിക്കുന്നത് അപകടകരമായ പ്രവണതയാണ്. ശ്രീ. സുകുമാർ അഴീക്കോടിന്റെ ഭാഷയിൽ പറഞ്ഞാൽ ഇവിടെ 'ഭഗവാന്റെ സ്ഥാനത്ത് പൂജാരി പ്രതിഷ്ഠിക്കപ്പെടുകയാണ്.' അത് തടയേണ്ടതുണ്ട്. അധികാരസ്ഥാനത്തിരിക്കുന്നവരുടെ ഈ തൃഷ്ണയ്ക്ക് ഭരണഘടന കടിഞ്ഞാൺ ഇടുന്നു.

ഭരണഘടന അവഗണിക്കാനുള്ള ശ്രമം എന്നും നടന്നിട്ടുണ്ട്. റോയൽകോടതി വിധിയിലൂടെ അന്ത്യോഖ്യാ പാത്രിയർക്കീസിന് മലങ്കരസഭയിൽ ഭൗതികാധികാരം ഇല്ലെന്ന് സ്ഥാപിക്കപ്പെട്ടപ്പോൾ ആ വിധി മറികടക്കാൻ പള്ളിക്കാർ ഇടവക സ്വത്തുക്കൾ അദ്ദേഹത്തിന്റെ പേരിലാക്കി അദ്ദേഹത്തിന്റെ ആധിപത്യം ഇവിടെ നിലനിർത്താൻ ശ്രമിച്ചപ്പോഴാണല്ലോ 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ മലങ്കരസഭയിൽ ഭിന്നത ഉണ്ടായത്. ഇന്ന് സഭയിൽ സ്ഥലം വാങ്ങുമ്പോൾ 34-ലെ ഭരണഘടനയ്ക്ക് വിധേയമായി ഇടവകയിലെങ്കിൽ വികാരിയുടെയും കൈക്കാരന്മാരുടെയും പേരിലും ഭദ്രാസനത്തിലെങ്കിൽ ഭദ്രാസന മെത്രാപ്പോലീത്തായുടെയും ഭദ്രാസന സെക്രട്ടറിയുടെയും പേരിലുമാണ് വാങ്ങേണ്ടത്. അതുകൊണ്ട് അവയുടെ ക്രയവിക്രയങ്ങൾക്ക് തീരുമാനമെടുക്കേണ്ടത് യഥാക്രമം ഇടവക പൊതുയോഗവും ഭദ്രാസന പൊതുയോഗവുമാണ്. അംഗീകാരം നൽകേണ്ടത് ഭദ്രാസന മെത്രാപ്പോലീത്തായുമാണ്. ഇന്ന് ഇടവകയുടെയും ഭദ്രാസനത്തിന്റെയും പ്രാധാന്യം കുറയ്ക്കുവാൻ വേണ്ടി എവിടെ വസ്തു വാങ്ങുമ്പോഴും മലങ്കരമെത്രാപ്പോലീത്തായുടെ പേരിൽ ആയിരിക്കണമെന്ന ശാഠ്യം ബലപ്പെട്ടുവരികയാണ്. സ്ഥലം മലങ്കരമെത്രാപ്പോലീത്തായുടെ പേരിലാണ് വാങ്ങുന്നതെങ്കിൽ അപ്പോൾ ഭരണഘടന വിഭാവനം ചെയ്യുന്ന ഇടവക-ഭദ്രാസനയോഗങ്ങൾക്ക് അവയിന്മേൽ നിയന്ത്രണാവകാശവും ഭദ്രാസന മെത്രാപ്പോലീത്തായ്ക്കുള്ള മേലന്വേഷണ അവകാശങ്ങളും നഷ്ടമാകുന്നു. സ്വത്ത്, അധികാരം ഇവയിൽ മലങ്കരമെത്രാപ്പോലീത്തായിൽ അധികാരകേന്ദ്രീകരണം നടക്കുന്നതുവഴി സഭയുടെ വികേന്ദ്രീകൃത ഭരണക്രമവും ഭരണഘടനയും അതിൻ പ്രകാരമുള്ള സംവിധാനങ്ങളും അട്ടിമറിക്കപ്പെടുകയായിരിക്കും. അങ്ങനെ തിരുവനന്തപുരം പള്ളിയുമായി ബന്ധപ്പെട്ട് നടന്ന കേസിന്റെ സാഹചര്യം എല്ലായിടത്തും ഉണ്ടാകാവുന്നതാണ്. ഇടവകയോ, ഭദ്രാസനമോ, പണം മുടക്കുമ്പോൾ അവർക്ക് അത് സഭാഭരണഘടനയ്ക്ക് വിധേയമായി ക്രയവിക്രയ സ്വാതന്ത്ര്യത്തോടെ വാങ്ങുന്ന പാരമ്പര്യം side-line ചെയ്യാനുള്ള ശ്രമം ഭരണഘടനാവിരുദ്ധമാണ്. സഭാസ്ഥാനികളുടെ ഭരണഘടനോപരിയായ നടപടികൾ ചോദ്യം ചെയ്യപ്പെട്ടുകൂടാ എന്ന രീതി തിരുത്തപ്പെടേണ്ട



അഭിമുഖം

(ഡയോസിസൻ ബുള്ളറ്റിൻ മാനേജിംഗ് എഡിറ്റർ മെത്രാപ്പോലീത്തയുമായി ആനുകാലിക സഭാസംഭവങ്ങളെപ്പറ്റി നടത്തിയ അഭിമുഖം)

മലങ്കരസഭയിൽ നിലനിന്നിരുന്ന തർക്കങ്ങൾ സംബന്ധിച്ച് 2017-ജൂലൈ 3-ാം തീയതി സുപ്രീം കോടതി നൽകിയ തീർപ്പിനു ശേഷം തിരുമേനി നടത്തിയ നീക്കങ്ങൾ, എഴുതിയ ലേഖനങ്ങൾ, മാധ്യമങ്ങളുമായി നടത്തിയ അഭിമുഖം എന്നിവ സമൂഹത്തിലും സഭയിലും ശ്രദ്ധിക്കപ്പെട്ടു. ഇവ സഭാംഗങ്ങളിൽ നിന്ന് അനുകൂലവും പ്രതികൂലവുമായ പ്രതികരണങ്ങൾക്കും ചർച്ചകൾക്കും വഴിതെളിയിക്കുകയും ചെയ്തു. ഇതു സംബന്ധിച്ച് അങ്ങേയ്ക്ക് എന്താണ് പറയാനുള്ളത്?

വാർത്താ പ്രാധാന്യം ലഭിക്കുന്നതിനും ജനശ്രദ്ധ നേടുന്നതിനുമായി ഞാൻ ഒന്നുംതന്നെ ചെയ്യാറില്ല. ഈ കാര്യത്തിലും ചെയ്തിട്ടില്ല. എങ്കിലും എന്റെ നടപടികളും വാക്കുകളും ശ്രദ്ധിക്കപ്പെട്ടു എന്ന് അറിയുന്നതിൽ സന്തോഷമേയുള്ളൂ. കാരണം, അവ സൃഷ്ടിച്ചേക്കാവുന്ന ചർച്ചകളും സംവാദങ്ങളും ഞാൻ ഉദ്ദേശിച്ച ലക്ഷ്യം യാഥാർത്ഥ്യമാകാൻ സഹായമാകാവുന്നതാണ്. എന്നാൽ അവ ഒരു പ്രതികരണവും സൃഷ്ടിക്കുന്നില്ലായെങ്കിൽ പറഞ്ഞതും ചെയ്തതുമെല്ലാം പാഴായി എന്നാണർത്ഥം. അതുകൊണ്ട് സഭാപരമായി ഞാൻ നടത്തിയ നീക്കങ്ങൾ ശ്രദ്ധിക്കപ്പെട്ടു എന്നറിയുന്നതിൽ സന്തോഷം.

സുപ്രീംകോടതിയുടെ 2017 ജൂലൈ 3-ലെ വിധിക്കുശേഷം ഈ വിധി അംഗീകരിച്ച് സഭൈക്യത്തിനു ശ്രമിക്കുന്നതിനുവേണ്ടി പാത്രിയർക്കീസ് പക്ഷക്കാരോട് അഭ്യർത്ഥിക്കുന്ന ഒരു ലേഖനം ഈ പ്രസിദ്ധീകരണത്തിൽ തന്നെ എഴുതിയിരുന്നു. അവർക്ക് കോടതിവിധി അംഗീകരിക്കുന്നതിന് ഉണ്ടാകാവുന്ന തടസ്സങ്ങൾ മനസ്സിലാക്കി മനഃക്ലേശമില്ലാതെ അവരെ സഭായോജിപ്പിന് തയ്യാറാക്കുവാൻ സഹായിക്കുന്ന രീതിയിലാണ് അത് എഴുതിയത്. സഭൈക്യത്തിനുവേണ്ടി ഓർത്തഡോക്സ് പക്ഷക്കാർ മാറിയ സാഹചര്യത്തിൽ തുറന്ന മനസ്സ് കാണിക്കണം എന്നതായിരുന്നു തുടർന്ന് വന്ന മാസത്തിലെ ലേഖനത്തിന്റെ പ്രമേയം. സമാധാന പുനഃസ്ഥാപനത്തിന് ഈ ഭദ്രാസനത്തിലെ ഇടവകകളെ ആഹ്വാനം ചെയ്തുകൊണ്ട് പള്ളികൾക്ക് സർക്കുലർ അയയ്ക്കുകയും ഉണ്ടായി.

ഇതിനുശേഷം അഭി. നിക്കോളാവോസ് തിരുമേനിയും ഞാനും ചേർന്ന് പരി. പാത്രിയർക്കീസ്ബാവായെ കണ്ട് സംഭാഷണം നടത്തിയതും ഐക്യസാഹചര്യം സൃഷ്ടിക്കുന്നതിനും വേണ്ടിയായിരുന്നു. എഴുതിയ രണ്ട് ലേഖനങ്ങളും സഭാകേന്ദ്രത്തിൽ നിന്ന് പ്രസിദ്ധീകരിച്ച രണ്ടു പുസ്തകങ്ങളിലായി പുനർമുദ്രണം ചെയ്യുകയും ചെയ്തിരുന്നു. ഭിന്നിച്ചു നിന്ന വിശ്വാസ സമൂഹത്തെ സമാധാനത്തിലേക്ക് കൊണ്ടുവരുവാനായി ആശയപരവും പ്രായോഗികവുമായ കരുതൽ നടപടിയായിരുന്നു ഈ പ്രവർത്തനങ്ങളുടെ താല്പര്യം. കൂടാതെ രണ്ട് പക്ഷത്തെയും അടുത്തറിയുകയും ബന്ധപ്പെടുകയും ചെയ്ത ഒരു വ്യക്തി എന്ന നിലയിൽ ഈ പാലംപണി പ്രക്രിയയിൽ പ്രത്യേക ബാധ്യത എനിക്കുണ്ട് എന്നതാണ് എന്റെ ധാരണ.

എന്നാൽ അത് സഭയിൽ നിന്ന് ഔപചാരികമായി നിർവ്വഹിക്കേണ്ട കാര്യമാണ് എന്ന് ചിന്തിക്കുന്നവർ ഉണ്ട്. ഈ സാഹചര്യത്തിൽ എന്തിന് ഈ ബാധ്യത സ്വയമായി ഏറ്റെടുക്കുന്നു? അതുവഴി എന്തിന് ആവശ്യ

താണ്. അത് ചെയ്തില്ലെങ്കിൽ ഭരണഘടന വിഭാവനം ചെയ്യുന്ന ഭരണ വികേന്ദ്രീകരണസംവിധാനം നാമാവശേഷമാകുമെന്ന് കോടതി വിധി നമ്മെ ഓർമ്മിപ്പിക്കുന്നു. സഭയും ഭദ്രാസനങ്ങളും ഇടവകകളും ഈ വിഷയം സംബന്ധിച്ച് ജാഗ്രത പുലർത്തേണ്ടതാണ്. എല്ലാ സ്ഥാനികളുടെയും സമിതികളുടെയും അധികാരച്ചുമതലകൾ ഭരണഘടന നിയന്ത്രിക്കേണ്ടത് സഭയുടെ ഭാവിഭദ്രതയ്ക്കും സ്ഥാനങ്ങളുടെ സന്തുലതയ്ക്കും സംവിധാനങ്ങളുടെ കാര്യക്ഷമതയ്ക്കും ജനത്തിന്റെ ആശങ്ക അകറ്റാനും അനിവാര്യമാണ്. സഭയിലെ ഏത് സ്ഥാനിയെയും സമിതിയെയും അദ്ദേഹത്തിന്റെ/അവയുടെ അധികാര പ്രയോഗത്തെയും ഭരണഘടന നിയന്ത്രിക്കുന്ന സാഹചര്യം വരുമ്പോൾ സഭയിൽ നീതി പുലരും എന്നാണ് സുപ്രീംകോടതിയിലെ ന്യായാധിപ നിഗമനം. (തുടരും)

സസ്നേഹം

നിങ്ങളുടെ
അത്താനാസ്യോസ് തോമസ്
മെത്രാപ്പോലീത്ത

മില്ലാതെ വിമർശനങ്ങൾ ഏറ്റുവാങ്ങുന്നു?

2017-ലെ കോടതിവിധി വന്നയുടനെ തുടർകാര്യങ്ങൾ നിർവഹിക്കുവാനായി ഒരു കമ്മിറ്റി രൂപപ്പെടുത്തിയതായി കേട്ടിരുന്നു. അതിന്റെ ശേഷിയെപ്പറ്റിയും തുടർപ്രവർത്തനത്തെപ്പറ്റിയും ഞാനൊന്നും പറയുന്നില്ല. സമാധാനം നടക്കാതിരിക്കുവാൻ വേണ്ടി സൃഷ്ടിച്ച കമ്മിറ്റിയായും അതിനെപ്പറ്റി ആക്ഷേപമുണ്ട്. കാരണം, 1995-ലെ വിധിക്കുശേഷം നടന്ന സമാധാനശ്രമം അട്ടിമറിച്ചതിൽ നിർണായക പങ്കുവഹിച്ചവരാണ് അതിൽ ചിലർ. എന്നാൽ അതല്ല വിഷയം. ആ കമ്മിറ്റി പ്രവർത്തിക്കുന്നതായി പോലും ഒരു സൂചനയുമില്ല. ഏതായാലും കോടതിവിധിക്കുശേഷം വിധിതീർപ്പിന്റെ അടിസ്ഥാനത്തിൽ സഭയിൽ ഐക്യം സൃഷ്ടിക്കുന്നതിനുവേണ്ടി ഗൗരവമായ അന്വേഷണമൊന്നും ഉണ്ടായതായി അറിവില്ല. ആ സാഹചര്യത്തിൽ ഈ വിഷയം സഭയിൽ സജീവമായി ചർച്ച ചെയ്യപ്പെടുന്നതിനുള്ള ഒരു കളമൊരുക്കൽ പ്രക്രിയയ്ക്കായിരുന്നു എന്റെ ശ്രമം. അതേസമയം തന്നെ സമാധാന പുനഃസ്ഥാപനം തടയുവാനുള്ള നീക്കങ്ങൾ സംഘടിതമായിത്തന്നെ ആരംഭിച്ചു കഴിഞ്ഞിരുന്നു എന്നകാര്യം വിസ്മരിക്കാനാവില്ല.

അവസാനം പറഞ്ഞകാര്യം ഒന്ന് വിശദീകരിക്കാമോ? സഭൈക്യ നീക്കം അട്ടിമറിക്കാനായി സഭയ്ക്കുള്ളിൽത്തന്നെ ഒരു നീക്കം നടന്നു എന്നാണോ തിരുമേനിയുടെ നിഗമനം?

ഓർത്തഡോക്സ് സഭ എന്നും വ്യവഹാരങ്ങൾ നടത്തിയത് നീതി പുനഃസ്ഥാപിക്കുന്നതിനും അതുവഴി സഭയിൽ സമാധാനം സൃഷ്ടിക്കുന്നതിനുമായിരുന്നു. 1958-ൽ അതാണ് സംഭവിച്ചത്. 2017-ലെ വിധിയോടെ തർക്കവിഷയങ്ങൾ എല്ലാം പരിഹരിക്കപ്പെട്ട പശ്ചാത്തലത്തിൽ സഭയിൽ ഐക്യവും സമാധാനവും ഉണ്ടാകുവാൻ വേണ്ടി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. എന്നാൽ ആ വസ്തുത സഭാനേതൃത്വത്തിൽ പലരും വിസ്മരിക്കുന്നതായിട്ടാണ് അനുഭവപ്പെടുന്നത്.

കോടതിവിധി ഉണ്ടായ ഉടനെ തന്നെ അതുസംബന്ധിച്ച് പഠനം, തുടർന്ന് കാര്യങ്ങൾ എങ്ങനെ നടക്കണം എന്നുള്ളതിനെ സംബന്ധിച്ച് ചർച്ച, ആലോചന എന്നിവ വേണ്ടവിധം ഉണ്ടായില്ല. എങ്കിലും സഭയിൽ യോജിപ്പ് ഉണ്ടാകണം എന്ന പ്രസ്താവന നേതൃത്വത്തിൽ നിന്ന് വന്നു. 'യോജിക്കേണ്ടും സമയമിതാ' എന്ന ഗ്രന്ഥം സഭയിൽ നിന്ന് പ്രസിദ്ധീകരിക്കുകയും ചെയ്തു. ഏതായാലും സഭൈക്യത്തിനുവേണ്ടിയുള്ള ആഹ്വാനം സഭയിൽ നിന്നുണ്ടായത് ശുഭകരമായിരുന്നു.

എന്നാൽ സഭയ്ക്കുള്ളിൽ നിന്ന് ഈ നീക്കത്തിനെതിരെ ഗൂഢാലോചന രൂപം കൊള്ളുന്നതായി തോന്നി. ആത്മാർത്ഥതയില്ലാത്ത നടപടികളായിരുന്നു ഉണ്ടായത് എന്ന സംശയം സൃഷ്ടിച്ചു. ഓഗസ്റ്റ് മാസത്തിലെ എപ്പിസ്കോപ്പൽ സുന്നഹദോസിൽ സഭാസമാധാനത്തിന് പരി. പാത്രിയർക്കീസ് ബാവായ്ക്ക് താല്പര്യമുണ്ട് എന്ന് അറിയിച്ചുകൊണ്ടും അതുസംബന്ധിച്ച് ആലോചിക്കുവാനായി അദ്ദേഹത്തെ ബേറൂട്ടിൽ വന്ന് കാണുവാനായി ഇവിടെ നിന്ന് ഒരു പ്രതിനിധി സംഘത്തെ അയയ്ക്കുന്നതിനുള്ള സാധ്യത ആരാഞ്ഞുകൊണ്ടും പാത്രിയർക്കേറ്റിൽ നിന്നുമുള്ള ഒരു കുറിപ്പ് വന്നു. ആദ്യം ഈ അഭ്യർത്ഥന സുന്നഹദോസ് അംഗീകരിച്ചെങ്കിലും പിന്നീട് അത് വിദഗ്ദ്ധമായി അട്ടിമറിക്കപ്പെടുകയും കൂടിക്കാഴ്ചാ സാധ്യത എന്നേയ്ക്കുമായി അവസാനിപ്പിക്കേണ്ടി വരികയും ചെയ്തു. മലങ്കരസഭയിൽ ഐക്യം സ്ഥാപിക്കുന്നതിന് പരി. പാത്രിയർക്കീസ് ബാവായ്ക്കുള്ള നിർണ്ണായകമായ പങ്ക് നിഷേധിക്കുന്നതുവഴി ക്ഷതം ഏല്ക്കുന്നത് കോടതിവിധി പ്രകാരമുള്ള ഐക്യശ്രമങ്ങൾക്കാണ് എന്ന് ആർക്കാണ് അറിയില്ലാത്തത്?

ഇതുകൂടാതെ മറ്റൊന്നുകൂടി സംഭവിച്ചു. കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ ചില പള്ളിപ്രശ്നങ്ങളിൽ ബഹു. മുഖ്യമന്ത്രിയുടെ ഇടപെടൽ ആവശ്യമായി വന്നു. അതിനുവേണ്ടി തിരുവനന്തപുരം ഭദ്രാസനത്തിലെ അഭി. ഗ്രീഗോറിയോസ് തിരുമേനിയും ഒന്നിച്ച് ഞാൻ ബഹു. മുഖ്യമന്ത്രിയെ സന്ദർശിച്ചു. സംഭാഷണ വേളയിൽ പ്രശ്ന പരിഹാരത്തിന് മുഖ്യമന്ത്രിയുടെ ഇടപെടൽ സാധ്യത തിരക്കി. ഓരോ പള്ളിയിലെയും പ്രശ്നപരിഹാരത്തിനു പകരം കോടതിവിധി വന്ന പശ്ചാത്തലത്തിൽ സഭയിൽ ഐക്യമുണ്ടാക്കുകയാകും എളുപ്പമുള്ള ഒരു പരിഹാരം എന്നും അതിൽ മുഖ്യമന്ത്രിക്ക് നിർണ്ണായകമായ ഒരു പങ്ക് നിർവ്വഹിക്കാനാവുമെന്നും അദ്ദേഹത്തിന്റെ ശ്രദ്ധയിൽ പെടുത്തി. അദ്ദേഹത്തിന്റെ മറുപടി ഏകദേശം ഇപ്രകാരമായിരുന്നു: "നിങ്ങൾ കോട്ടയത്ത് സഭൈക്യത്തിന് അനുകൂലമായ പ്രഖ്യാപനം നടത്തും എന്നിട്ട് അത് നടത്തിയവർ തന്നെ ഇവിടെ വന്ന് സഭായോജിപ്പ് ആവശ്യമില്ല പാത്രിയർക്കീസ് പക്ഷത്തെ മെത്രാന്മാരെ ഉൾക്കൊള്ളാനാവില്ല എന്നും ഇടവകപ്പള്ളികൾ സംബന്ധിച്ച് കോടതിയിൽ നിന്നുള്ള ഉത്തരവുകൾ നടപ്പിലാക്കിക്കിട്ടിയാൽ മതി എന്നും എന്നോട് പറയുന്നു. ഇത് സത്യസന്ധതയില്ലാത്ത നടപടിയാണ്." സഭാസമാധാനം നടക്കാതിരിക്കു

വാൻ സഭാകേന്ദ്രത്തിൽ നിന്നു തന്നെ മുഖ്യമന്ത്രിയുടെ അടുക്കൽ ഇതിനോടകം സമ്മർദ്ദം ചെലുത്തിക്കഴിഞ്ഞിരിക്കുന്നു എന്ന് വ്യക്തമായി. മുഖ്യമന്ത്രിയുടെ നീരസം അദ്ദേഹത്തിന്റെ വാക്കുകളിൽ പ്രകടമായിരുന്നു. മാന്യമായ വാക്കുകളിൽ പരിഹാസത്തിന്റെ ധ്വനി ആർക്കും മനസ്സിലാകുമായിരുന്നു. സഭാനേതൃത്വത്തിന്റെ ഇരട്ടത്താപ്പ് നയം മുഖ്യമന്ത്രി തുറന്നുകാണിച്ചപ്പോൾ ഞങ്ങൾ രണ്ടുപേർക്കും ഉത്തരം മുട്ടി. അതായത് സമാധാനത്തിനു വേണ്ടി പ്രഖ്യാപനം നടത്തുകയും സമാന്തരമായി അത് അട്ടിമറിക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയുമാണ് നടക്കുന്നതെന്ന് ഇതോടെ ബോദ്ധ്യപ്പെട്ടു. ഞങ്ങൾ പോയകാര്യം നടന്നുകിട്ടിയുമില്ല.

അതോടെ സമാന്തരമായ ഐക്യശ്രമത്തിന്റെ ആവശ്യം ബോധ്യമാകുകയായിരുന്നു. ഇടവകകളിൽ സമാധാനം ഉണ്ടാകണമെങ്കിൽ സഭയിൽ ഐക്യം സൃഷ്ടിക്കപ്പെടേണ്ടതുണ്ട്. അതിനുവേണ്ടി പ്രവർത്തിക്കുവാനുള്ള ബാധ്യത എല്ലാവരും ഏറ്റെടുക്കേണ്ടതുമുണ്ട്.

എങ്കിലും സഭയിൽ നിന്ന് പ്രത്യേകമായി ചുമതലപ്പെടുത്താത്ത സാഹചര്യത്തിൽ തിരുമേനി നടത്തുന്ന പ്രവർത്തനങ്ങൾ അനധികൃതമന്ന് പലർക്കും ചിന്തയുണ്ട്. അതിനെപ്പറ്റി എന്താണ് പ്രതികരണം?

ഇതിനുത്തരം പറയുന്നതിനു മുമ്പ് മറ്റൊരു ചോദ്യം തിരിച്ചുന്നയിക്കുവാനുണ്ട്. സഭയുടെ അടിസ്ഥാന നിലപാടിനു വിരുദ്ധമായി സഭാനേതൃത്വത്തിൽ നിന്നുതന്നെ ഉണ്ടാകുന്ന മേൽപ്പറഞ്ഞ സത്യസന്ധതയില്ലാത്ത നടപടികൾക്ക് എന്തെങ്കിലും നീതീകരണം ഉണ്ടോ? ഞാൻ പ്രവർത്തിക്കുന്നത് സഭയുടെ അടിസ്ഥാന നിലപാടിനോട് ചേർന്നാണ്. അപ്പോൾ ആരാണ് ശരി ചെയ്യുന്നതെന്ന് കേൾക്കുന്നവർ വിധിക്കട്ടെ.

ഇതുകൂടാതെ സഭയുടെ നീതിപൂർവ്വമായ ഐക്യം, സമാധാനം എന്നിവ അതിന്റെ മൗലിക നിയോഗമാണ്. അതിനുവേണ്ടി പ്രവർത്തിക്കുന്നതിന് പ്രത്യേക നിയോഗാനുമതികൾ ആവശ്യമായി ഞാൻ കരുതുന്നില്ല. സുപ്രീംകോടതിയിൽ നിന്നുണ്ടായ വിധി തീർപ്പും ഭരണഘടനയും ഇവിടെ ദുർബലമാക്കപ്പെടുകയല്ല; നേരെമറിച്ച് അത് ഇതുവരെ അംഗീകരിക്കാത്തവർക്കുകൂടി സഭൈക്യം വഴി ബാധകമാക്കുകയാണ്. ഈ പ്രവർത്തനം എങ്ങനെ സഭാവിരുദ്ധമാകും? പ്രത്യേകിച്ച് സഭാനേതൃത്വം തന്നെ പ്രഖ്യാപിച്ച സഭൈക്യലക്ഷ്യം നേതാക്കന്മാർതന്നെ അട്ടിമറിച്ച് സ്വയം അപഹാസ്യരാകുമ്പോൾ വെറും ഒരു കാഴ്ചക്കാരനായി നിൽക്കുവാൻ ഒരു സഭാദ്ധ്യക്ഷൻ എന്ന നിലയിൽ എനിക്ക് എങ്ങനെ സാധിക്കും? 1995-ലെ കോടതിവിധിക്കുശേഷം സഭൈക്യ പ്രക്രിയയിൽ ഞാൻ പങ്കുചേർന്നതും അന്നത്തെ പാത്രിയർക്കീസ് വിഭാഗത്തിന്റെ പൊതുവായ അംഗീകാര പ്രകാരമായിരുന്നില്ല. ഏതൊരു സംവിധാനത്തിലാണെങ്കിലും നീതിയും ന്യായവും പ്രവർത്തിക്കുന്നതിനുള്ള സ്വാതന്ത്ര്യം ആർക്കും അടിയറ വച്ചുകൊണ്ട് ആകരുത് എന്ന ചിന്തയാണ് എനിക്കുള്ളത്. ശരിക്കുവേണ്ടി പ്രവർത്തിക്കുന്നത് ഭൂരിപക്ഷ പ്രകാരമോ, നേതൃത്വത്തിന്റെ ആശീർവാദത്തോടെ മാത്രമോ ആയിരിക്കണം എന്ന നിർബന്ധത്തിന് കഴമ്പില്ല. സഭാശുശ്രൂഷയ്ക്കുള്ള വിളിയോടും ദൈവനിയോഗത്തോടും ശുശ്രൂഷയിൽ നിവർത്തിക്കപ്പെടേണ്ട സത്യത്തോടുമാണ് എന്റെ അടിസ്ഥാന പ്രതിബദ്ധത. ഇവിടെ നിലവിൽ വന്ന കോടതിവിധിക്കുള്ളിൽ നിന്നുകൊണ്ട് സഭയ്ക്കുള്ളിൽ നിലവിൽ വരുത്തേണ്ട ഐക്യത്തിനും സമാധാനത്തിനും എതിരെ സഭാനേതൃത്വത്തിൽ ആരെങ്കിലും നീങ്ങുന്ന പക്ഷം ആ കാപട്യ സമീപനത്തിനെതിരെ നിലപാടെടുക്കേണ്ടിവരും. വിശദീകരണത്തിന് ഓഗസ്റ്റ് മാസത്തിലെ ബുള്ളറ്റിനിലെ വേദപഠനം വായിക്കുക.

സഭയിൽ ഐക്യമുണ്ടായാൽ മലങ്കരസഭയുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുമെന്ന് ഐക്യവിരുദ്ധർ പ്രചരിപ്പിക്കുന്നുണ്ടല്ലോ. അങ്ങനെയെങ്കിൽ ഐക്യശ്രമം നടത്തുന്നവർ സഭാവിരുദ്ധ പ്രവർത്തനമാണല്ലോ നിർവ്വഹിക്കുന്നത്. ഇതിനോടുള്ള തിരുമേനിയുടെ പ്രതികരണം എന്താണ്?

ആരെങ്കിലും അങ്ങനെ പറയുന്നുണ്ടെങ്കിൽ അവർക്ക് നേർബുദ്ധിയും സത്യസന്ധതയും ഇല്ലെന്ന് കരുതിയാൽ മതി. 1934-ലെ സഭാഭരണഘടനയുടെ സാധുതയും സഭയുടെ സ്വയംഭരണ സ്വാതന്ത്ര്യവും കോടതി അംഗീകരിച്ച സാഹചര്യത്തിൽ ആ ചട്ടക്കൂട്ടിലാണല്ലോ ഐക്യസഭ രൂപം കൊള്ളുക. പിന്നെങ്ങനെ സഭയുടെ സ്വാതന്ത്ര്യം നഷ്ടമാകും? അതുകൊണ്ട് ഇത്തരം ബാലിശമായ പ്രചാരണം ഐക്യനീക്കങ്ങൾക്ക് തടയിടാൻ കുബുദ്ധികളുടെയും വിവരദോഷികളുടെയും ശ്രമമായി മനസ്സിലാക്കി അവയ്ക്ക് ചെവി കൊടുക്കാതിരിക്കുകയാണ് വേണ്ടത്.

1958-ലെ സഭായോജിപ്പ് അബദ്ധമായിപ്പോയി എന്ന ഇരുപക്ഷത്തുമുള്ള ചില നേതാക്കന്മാർ പറയുന്നു. എന്താണ് ഇതിന്റെ അടിസ്ഥാനം?

ഇത് പറയുന്നവർ സഭയിൽ സമാധാനം കാംക്ഷിക്കാത്തവരാണ്. സഭയിലെ പ്രതിസന്ധിക്ക് എങ്ങനെ പരിഹാരം കാണാമെന്ന്

അവർ പറയുന്നുമില്ല. 1958-ലെ യോജിപ്പിന് നേതൃത്വം നൽകിയ പരി. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവായേയും അഭി. വയലിൽ പറമ്പിൽ തിരുമേനിയെയും അധിക്ഷേപിക്കുന്ന പ്രസ്ഥാവനയാണിത്. ഗീവർഗീസ് ദ്വിതീയൻ ബാവാ 1934-ലെ ഭരണഘടന, ഈ ഐക്യ പ്രക്രിയയിലൂടെ അതുവരെ അത് അംഗീകരിക്കാതിരുന്ന പാത്രിയർക്കീസ് പക്ഷത്തിനുൾപ്പെടെ സഭയ്ക്കു മുഴുവനും ബാധകമാക്കി. ഇതിനെ പാത്രിയർക്കീസ് പക്ഷത്തെ വയലിപ്പറമ്പിൽ മാർ ഗ്രീഗോറിയോസ് തുടങ്ങിയവർ സർവ്വാത്മനാ പിന്തുണച്ചു. അതിന്റെ അടിസ്ഥാനത്തിലാണ് സഭ ഒന്നായത്. ഇതുവഴി എന്തു കുഴപ്പമാണ് സഭയ്ക്ക് സംഭവിച്ചത്? ആ യോജിപ്പുകൊണ്ടാണ് 1934-ലെ ഭരണഘടന ഓരോ ഇടവകയ്ക്കും ബാധകമാണെന്നു കാണിച്ച് കോടതി ഇന്നും വിധിത്തീർപ്പുകൾ നൽകുന്നത്. ഓർത്തഡോക്സ് സഭയ്ക്ക് ഇല്ലാതിരുന്ന പള്ളികളും ഭദ്രാസനങ്ങളും ഭദ്രാസന ആസ്ഥാനങ്ങളുമെല്ലാം നിയമപരമായി അതിന് ലഭ്യമായത് 1958 -ലെ യോജിപ്പുകൊണ്ടല്ലേ. പിന്നെയെന്തിനാണ് 58-ലെ സഭായോജിപ്പിനോട് അമർഷവും എതിർപ്പും വച്ചുപുലർത്തുന്നത്. അതുപോലെ തന്നെ 1958-ലെ കോടതിവിധി പ്രകാരം പ്രശ്നം തീർക്കുകയും 1958-1972 കാലഘട്ടത്തിൽ 1934-ലെ ഭരണഘടനയിൽ ഒരു അപാകതയും കാണാതിരിക്കുകയും ചെയ്ത പാത്രിയർക്കീസ് വിഭാഗം ഇന്നെന്തിന് ആ ഭരണഘടനയെയും ഭരണസംവിധാനത്തെയും എതിർക്കുന്നു? ശാന്തമായി നീങ്ങിയ സഭയിൽ പാത്രിയർക്കീസ് ബാവാ 203/70-ാം നമ്പർ കല്പന വഴി കലഹം സൃഷ്ടിച്ചല്ലേ 1958 -ലെ യോജിപ്പ് തകർത്തത്. 58-ൽ ഉണ്ടായ സമാധാനത്തെപ്പറ്റി ഇരുകൂട്ടരും വിമർശനം നടത്താതിരിക്കുകയാണ് നല്ലത്.

1958-ലെ സഭാസമാധാനത്തിന്റെ മുഖ്യശില്പികൾ 1966 ന് മുമ്പ് ഇഹലോകവാസം വെടിഞ്ഞു. പിന്നീട് ചുമതലയിൽ വന്നവർക്ക് കൈവന്ന സമാധാനം നിലനിർത്താൻ കഴിയാത്തത് സമാധാനം സൃഷ്ടിച്ചവരുടെയോ, സൃഷ്ടിക്കപ്പെട്ട സമാധാനത്തിന്റെയോ കുഴപ്പംകൊണ്ടല്ല. 203/70-ാം നമ്പർ കല്പനപോലെ ചിലത് 1958-64 കാലഘട്ടത്തിലും വന്നിരുന്നതാണ്. എന്നാൽ അവയെല്ലാം വേണ്ടവിധം കൈകാര്യം ചെയ്യാൻ അന്നത്തെ ഭരണനേതൃത്വത്തിന് സാധിച്ചിരുന്നു. ഗീവർഗീസ് ദ്വിതീയൻ ബാവായെപ്പോലെയും വയലിപ്പറമ്പിൽ തിരുമേനിയെപ്പോലെയും ഉള്ളവരുടെ അഭാവം അതിനുശേഷം സഭ അനുഭവിക്കുന്നു.

കോടതിവിധി ഇടവകകളിൽ നടപ്പിലാക്കുകവഴി സഭയിൽ ഐക്യ പുന:സ്ഥാപിക്കാം എന്ന വാദം നിലനിൽക്കുന്നു. ഇതിൽ എന്തെങ്കിലും കഴമ്പുണ്ടോ?

ഇത് സംബന്ധിച്ച് രണ്ടു കാര്യങ്ങൾ പറയാനുണ്ട്.

1) കോടതിവിധി നടപ്പിലാക്കുമ്പോൾ പാത്രിയർക്കീസ് വിഭാഗം സ്വന്തം ആരാധാലയങ്ങൾ ഉണ്ടാക്കി മാറിയാൽ ഇടവക ഭിന്നതയിൽ തന്നെ തുടരും. കോലഞ്ചേരി, വരിക്കോലി, നെച്ചൂർ ഇടവകകൾ ഉദാഹരണങ്ങളാണ്. വിധി നടപ്പാക്കൽ, സഭയിൽ ഐക്യം സൃഷ്ടിക്കണമെന്നില്ല.

2) കോടതിവിധി നടപ്പിലാക്കുമ്പോൾ ഉണ്ടാകാവുന്ന അക്രമങ്ങൾ, ബലപ്രയോഗങ്ങൾ മുതലായവ ഉണ്ടാകുന്നത് അതുപോലെ ആവശ്യമായി വരുന്ന സാമ്പത്തിക ബാധ്യത, അദ്ധ്വാനം ഇവയൊന്നും അവഗണിക്കാനാവില്ല. സഭയിൽ ഉണ്ടാകേണ്ടത് അനുരഞ്ജനവും ഐക്യവുമാണ്. ഈ വസ്തുതയ്ക്കെതിരെ സഭാദ്ധ്യക്ഷന്മാർ അപസ്മാര രോഗികളെപ്പോലെ സംസാരിക്കുന്നത് ദുഃഖകരമാണ്. സ്നേഹത്തിന്റെ ആത്മാവ് സഭയിൽ വ്യാപരിക്കുവാൻ അനുവദിക്കണം. എന്നാൽ സഭൈക്യത്തിന് പാത്രിയർക്കീസ് വിഭാഗം വഴിപ്പെടുന്നില്ലായെങ്കിൽ കാര്യക്ഷമവും നിയമപരവുമായ വിധിനടത്തിപ്പിന് സഭ തയ്യാറാകണം.

ഇന്നത്തെ സാഹചര്യത്തിൽ സഭയിൽ എന്തുസംഭവിക്കണം എന്നാണ് തിരുമേനി കരുതുന്നത്? ഐക്യസഭയിൽ എന്തായിരിക്കണം അവസ്ഥ?

മറുപക്ഷത്തെ തോല്പിച്ചും അവരുടെ മേൽ ആധിപത്യം സ്ഥാപിച്ചും ആയിരിക്കരുത് സഭയിലെ പ്രതിസന്ധിക്ക് പരിഹാരം കാണുക. ഐക്യപ്പെട്ട സഭയിൽ ഓരോ വ്യക്തിക്കും സ്ഥാനിക്കും ഇടവും അംഗീകാരവും സിദ്ധിക്കുന്ന രീതിയിൽ ഒരു അന്തസ്സായ സംയോജനം (dignified merger) ആണ് ഉണ്ടാകേണ്ടത്. 'ഇപ്രകാരമൊരു യോജിപ്പ് പണ്ടേ നടക്കേണ്ടതായിരുന്നു' എന്ന തോന്നൽ സംയോജനശേഷം ഓരോ സഭാംഗത്തിലും സൃഷ്ടിക്കപ്പെടണം. ഈ സാഹചര്യത്തിലേക്കു ഐക്യം എത്തിക്കുവാൻ വിവേകം കാണിക്കുവാൻ സഭാനേതാക്കൾ ശീലിക്കുകയും സാധിക്കുകയും വേണം.

നിങ്ങൾ, ഓർത്തഡോക്സ് സഭയിലെ രണ്ട് മെത്രാപ്പോലീത്താമാർ പാത്രിയർക്കീസ് ബാവയുമായി കൂടിക്കാഴ്ച നടത്തിയ ശേഷം യാക്കോബായ നേതൃത്വത്തിൽ എന്തെങ്കിലും വ്യത്യാസം വന്നിട്ടുണ്ടോ?

പരി. പാത്രിയർക്കീസ് ബാവാ സഭയുടെ ഐക്യത്തിനുള്ള ആഗ്രഹം ഞങ്ങളോട് വെളിപ്പെടുത്തുകയും ഞങ്ങളുടെ സാന്നിധ്യ

ത്തിൽത്തന്നെ അതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഇതുവരെ അതിന്റെ പ്രത്യക്ഷ ഫലങ്ങൾ ഒന്നുംകണ്ടില്ല. ഒരു കാര്യം ഓർക്കണം. പാത്രിയർക്കീസിന്റെ പേരുപറഞ്ഞ് ഇവിടെയുള്ളവരാണല്ലോ ഐക്യത്തെ എതിർക്കുന്നത്. ഏതായാലും ഓർത്തഡോക്സ് സഭയിലെ രണ്ട് മെത്രാന്മാർ പരി. പാത്രിയർക്കീസ് ബാവായെ സന്ദർശിച്ച് സമാധാനതാല്പര്യം പ്രകടിപ്പിച്ചതിന് പൊതുസമൂഹത്തിൽ അംഗീകാരം കിട്ടിയിട്ടുണ്ട്. സഭയുടെ ഐക്യത്തിനുള്ള സന്മനസ്സാണ് നാം പ്രകടിപ്പിച്ചത്.

പരി കാതോലിക്കാബാവാ വരിക്കോലി സെന്റ് മേരീസ് പള്ളിയിൽ വന്ന സാഹചര്യം എന്താണ്? ബാവയുടെ വരവിനെക്കുറിച്ച് തിരുമേനിയുടെ പ്രതികരണം വ്യക്തമാക്കാമോ?

പ്രസ്തുത പള്ളി സുപ്രീം കോടതിവിധി നടപ്പിലാക്കിയ പള്ളികളിൽ ഒന്നാണ്. എങ്കിലും ഓർത്തഡോക്സ് വിശ്വാസികളുടെ മേൽ പാത്രിയർക്കീസ് പക്ഷക്കാർ കൂടെക്കൂടെ അക്രമം നടത്തിക്കൊണ്ടിരിക്കുന്നു. ഈയിടെ വികാരിയെ വഴിയിൽ തടഞ്ഞുനിർത്തി മർദ്ദിച്ചു. സംഘർഷം നിലനിൽക്കുന്ന പള്ളിയിലേയ്ക്കാണ് പരി. കാതോലിക്കാബാവ എത്തിയത്. അത് ഒഴിവാക്കേണ്ടതായിരുന്നു.

പോലീസ് വ്യൂഹത്തിന്റെ അകമ്പടിയോടെയാണ് ബാവ പള്ളിയിൽ പ്രവേശിച്ചത്. സഭാദ്ധ്യക്ഷന്മാർ പോലീസ് സഹായത്തോടെ പള്ളികളിൽ എത്തുന്നത് കഴിവതും ഒഴിവാക്കുകയാണ് നല്ലത്. പൊലീസ് സംരക്ഷണത്തിൽ തിരിച്ചു പോകുവാൻ നിർബന്ധിതമാകുകയും ചെയ്തു.

ഇത്തരം സാഹചര്യം നിലനിൽക്കുന്ന ഒരു പള്ളിയിൽ എത്തുന്നതിനു മുമ്പ് ഭദ്രാസന-ഇടവക സംവിധാനങ്ങളോട് ആലോചിക്കേണ്ടതായിരുന്നു. സാഹചര്യം മനസ്സിലാക്കിയ ശേഷം യാത്രിതിരിക്കേണ്ടിയിരുന്നു. തിരുവനന്തപുരം മുതൽ തൃശൂർവരെ വേണ്ടപ്പെട്ടവർക്ക് വിവരം നൽകിയെങ്കിലും പ്രാദേശിക നേതൃത്വവുമായി ബന്ധപ്പെടൽ ഉണ്ടായില്ല.

അതുകൊണ്ട് പരി. കാതോലിക്കാബാവയെ ആദരപൂർവ്വം സ്വീകരിച്ച് പോലീസ് ഫോഴ്സിന്റെ സഹായമില്ലാതെ തിരിച്ചയയ്ക്കാൻ സാഹചര്യമില്ലാത്ത അവസ്ഥയിൽ വേണ്ടത്ര ആലോചനയോടും ദീർഘവീക്ഷണത്തോടും കൂടി ആയിരുന്നില്ല വരവ് എന്നു പറയേണ്ടിയിരിക്കുന്നു.

പരി. കാതോലിക്കാബാവ വരിക്കോലി പള്ളിയിൽ വന്നുപോയതു വഴി സഭയ്ക്കും ബാവായ്ക്കുമുണ്ടായ പ്രതിഛായ നഷ്ടത്തെപ്പറ്റി നവമാധ്യമങ്ങളിൽ ഏറെ postings വന്നിരുന്നു. അങ്ങയുടെ പ്രതികരണം എന്താണ്?

യാത്രയ്ക്കുള്ള ക്രമീകരണങ്ങൾ ചെയ്തത് ബാവയും സഭാകേന്ദ്രവുമാണ്. അതിൽ ഭദ്രാസനത്തിനും ഇടവകയ്ക്കും പങ്കില്ല. ഭദ്രാസനസെക്രട്ടറിക്ക് പൊലീസിൽ നിന്ന് സാന്ദർഭികമായി കിട്ടിയ വിവരം മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ട് ഇക്കാര്യത്തിൽ ഉണ്ടായ പ്രതിച്ഛായാ നഷ്ടത്തിന് ഉത്തരവാദിത്തം യാത്ര ക്രമീകരിച്ചവർ തന്നെ ഏറ്റെടുക്കുക. ഇത് ഒരു അനുഭവപാഠമായി സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

ഇതുമൂലം സത്യത്തിൽ കഷ്ടത്തിലായത് ആ ഇടവകക്കാരാണ്. ബാവാ തിരിച്ചുപോയതോടെ സർക്കാർ അധികാരികൾ പള്ളിപൂട്ടി. വിശ്വാസികൾക്ക് ആരാധനാകേന്ദ്രം അപ്രാപ്യമായി. ആഘോഷമായി വന്നവരെ ആരേയും പിന്നീട് കണ്ടില്ല. ആരും വിവരം തിരക്കാൻ മിനക്കെട്ടുമില്ല. ഞാൻ ഇത്രയേറെ മനോവ്യഥയും ആത്മനിന്ദയും അനുഭവിച്ച സന്ദർഭങ്ങൾ എന്റെ ജീവിതത്തിൽ അധികം ഉണ്ടായിട്ടില്ല. സ്വതന്ത്രമായി തുറന്നുകിട്ടിയ പള്ളി പൂട്ടപ്പെട്ടു. വിശ്വാസികൾ വഴിയാധാരമായി. ഈ ദുരവസ്ഥയെപ്പറ്റി ഒരു പോസ്റ്റിംഗും മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ടുമില്ല. എല്ലാവരുടെയും മനോഭാരം പള്ളി പൂട്ടാൻ സാഹചര്യം ഒരുക്കിയവർക്ക് വന്നുചേർന്ന അപമാനത്തെക്കുറിച്ചായിരുന്നു.

ഏതായാലും ഈ യാത്രയെപ്പറ്റി അറിയാതിരുന്നവരും അതിൽ പങ്കാളികളാകാത്തവരുമായ കുറേ മനുഷ്യരുടെ അധ്വാനവും ദൈവത്തിന്റെ അളവറ്റ സഹായവും മൂലം പള്ളി തുടർന്നുവന്ന ഞായാഴ്ചത്തേയ്ക്ക് തുറന്നുകിട്ടി. സഭാധികാരികൾ അവകാശസ്ഥാപനത്തിന് ശ്രമിക്കുമ്പോൾ അവർ സന്ദർശിച്ചു മടങ്ങുന്ന പള്ളിയുടെ ഭാവിയെക്കുറിച്ചുകൂടി ചിന്തിക്കുന്നത് നല്ലതാണ്.

വരിക്കോലി പള്ളി ഓർത്തഡോക്സ് സഭയ്ക്കായി തുറന്നു കിട്ടിയിട്ടും ഇടവകമെത്രാപ്പോലീത്തയായ അങ്ങ് എന്തുകൊണ്ട് അവിടെ ആരാധന അർപ്പിച്ചില്ല?

എന്നെ സംബന്ധിച്ചിടത്തോളം പള്ളി നിയമാനുസൃതമായും സമാധാനമായും നടക്കുക എന്നതിനാണ് മുൻഗണന. രണ്ടാമതായി എന്റെ പള്ളിസന്ദർശനം ആ ഇടവകയെ എങ്ങനെ ബാധിക്കും എന്ന വീണ്ടുവിചാരം അതിന് എന്നെ തടയുന്നു. പിന്നെ ഞാൻ അത്ര സ്മാർട്ട് അല്ലല്ലോ. മറ്റുള്ളവർ ചെയ്തുകൂട്ടുന്നതെന്തും ഞാൻ മാതൃകയാക്കാറുമില്ല. അതുകൊണ്ട് അനവസരത്തിൽ ഞാൻ സാഹസം കാണിക്കാറില്ല. ഇതെല്ലാം കൊണ്ടാണ് വരിക്കോലി പള്ളിയിൽ വി. ബലി അർപ്പിക്കുവാൻ ഞാൻ തിടുക്കപ്പെ

ടാത്തത്. എന്റെ ലക്ഷ്യം പള്ളിയിലെ അവകാശസ്ഥാപനം മാത്രമല്ല, ഇടവകയുടെ ഐക്യം കൂടിയാണ്. അതിന് എന്റെ പള്ളിപ്രവേശനം വിഘാതമെങ്കിൽ ഞാൻ ധൃതിക്കാറില്ല.

പള്ളിയുടെ മുഖവാരത്തിൽ പതിച്ചിരുന്ന പാത്രിയർക്കൻ മുദ്ര തിരികെ വച്ചത് തിരുമേനിയുടെ നിർദ്ദേശപ്രകാരമാണെന്ന് കേൾക്കുന്നു. വാസ്തവമെന്താണ്?

പാത്രിയർക്കൻ മുദ്രയെന്നല്ല, കുരിശുപോലും ആവശ്യം വന്നാൽ മുഖവാരത്തിൽ നിന്ന് നീക്കം ചെയ്യാം. എന്നാൽ അത് സാഹചര്യം പരിഗണിച്ച് പള്ളിയുടെ വികാരിയും കാര്യക്കാരും ഏകാഭിപ്രായത്തോടെ നടത്തിക്കൊള്ളും. അതിൽ പുറത്തുനിന്ന് മറ്റാരും വന്ന് ഇടപെടേണ്ട കാര്യമില്ല. അനാവശ്യമായ മുദ്രമാറ്റശ്രമം ഇടവകയിൽ അശാന്തി സൃഷ്ടിച്ചു. പള്ളി പൂട്ടുന്നതിന് ഒരു കാരണമായി. അതുകൊണ്ട് അത് തിരുത്തുവാനും തിരുത്തിക്കുവാനും സമാധാനം പുന:സ്ഥാപിക്കുവാനുമാണ് ഞാൻ ശ്രമിച്ചത്. പിന്നെ ഒരു കാര്യം. ഈ മുദ്ര പരി. അബ്ദുൽ മ്ശിഹാ പാത്രിയർക്കീസ് മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിച്ചുകൊണ്ട് നൽകിയ അധികാരപത്രത്തിലുമുണ്ട്. കൂടാതെ, ഈ മുദ്ര മാത്രമല്ല, അന്ത്യോഖ്യാക്കാരുടേതായി നമ്മുടെ സഭയിൽ അവശേഷിച്ചിരിക്കുന്നത്. വേദശാസ്ത്രവും ആരാധനാക്രമങ്ങളും എന്തിന്, തൊപ്പിയും കുപ്പായവുംവരെ അവരിൽ നിന്ന് കിട്ടിയതാണ്. ഇവയ്ക്കൊന്നും മാറ്റം വരുത്തുവാൻ നാം ഒരുക്കമല്ലല്ലോ. ശീമക്കാർ ഒഴിവാക്കിയ പാരമ്പര്യങ്ങൾ പോലും ഇന്നും നാം ചുമക്കുന്നുണ്ട്. പിന്നെയെന്തിനാണ് ഈ മുദ്രയുടെ കാര്യത്തിൽ ഈ അസഹിഷ്ണുത? എന്നാൽ ഞാൻ കാണിച്ച നീതി മര്യാദകൾ പാത്രിയർക്കീസ് പക്ഷം കാണിച്ചില്ല. പള്ളിവികാരിയെ ക്രൂരമായി മർദ്ദിച്ച പ്രതികളെ സംരക്ഷിക്കുകയാണ് ആ വിഭാഗം ചെയ്തത്! അതിന് നീതീകരണമില്ല.

കഴിഞ്ഞ സഭാ മാനേജിംഗ് കമ്മിറ്റിയിൽ ഉത്തരവാദപ്പെട്ടവർ വടത്തിയ വ്യവസ്ഥയില്ലാത്ത പ്രസ്താവനകളെക്കുറിച്ച് തിരുമേനി എന്തെങ്കിലും അറിഞ്ഞോ?

അതുസംബന്ധിച്ച് ഭദ്രാസന സെക്രട്ടറിയുടെ കൃത്യമായ പ്രതികരണം ഉണ്ടായി എന്നാണ് ഞാൻ അറിഞ്ഞത്. തെറ്റിദ്ധരിപ്പിക്കപ്പെട്ട കമ്മിറ്റിയംഗങ്ങൾക്ക് യാഥാർത്ഥ്യം ബോധ്യപ്പെട്ടുവെന്നും അറിഞ്ഞു. 'മുറത്തിൽ കയറിയുള്ള കൊത്ത്' ആരിൽ നിന്നും ഉണ്ടാകരുത്. ഉണ്ടായാൽ നേരിടും. ഭരണഘടനയുടെ പരിധിയിൽ നിന്ന് പ്രവർത്തിക്കുവാനാണ് വിധി എന്നത് ഓർക്കുന്നത് നല്ലതാണ്.

സഭയിൽ സമാധാനം ഉണ്ടാകുന്നതിനെക്കുറിച്ച് എന്താണ് തിരുമേനിയുടെ പ്രതീക്ഷ? അങ്ങയുടെ തുടർ പ്രവർത്തനം എങ്ങനെ?

വ്യക്തിപരമായും, സഭാപരമായ എന്റെ ബന്ധങ്ങൾ ഉപയോഗപ്പെടുത്തിയും മലങ്കരസഭയുടെ ഐക്യത്തിനായി ഞാൻ എന്നും അധ്വാനിച്ചുകൊണ്ടിരിക്കും. ഫലം ദൈവഹിതം പോലെ ആകട്ടെ. എനിക്ക് വികാരപരമായ ബന്ധം സഭയോട് ഇല്ല. എന്റെ സഭാബന്ധം വിശ്വാസപരമാണ്. എന്റെ ശുശ്രൂഷ ദൈവനിയോഗമാണെന്ന പൂർണ്ണബോധ്യത്തിൽ ഞാൻ പ്രവർത്തിക്കുന്നു. എന്റെ ഭദ്രാസനത്തിലെ വൈദീകരോടും ജനത്തോടും എനിക്കുള്ള ഉത്തരവാദിത്തവും ദൈവനിയോഗബോധവുമാണ് ഈ സ്ഥാനത്ത് തുടരുവാൻ എനിക്കുള്ള പ്രേരണ. ഈ സ്ഥാനത്ത് തുടരുന്നിടത്തോളം കാലം ഞാൻ സഭയുടെ ഐക്യത്തിനും സമാധാനത്തിനും വേണ്ടി ആഗ്രഹിച്ചും പ്രവർത്തിച്ചുംകൊണ്ടുതന്നെയിരിക്കും. വിധിനടത്തിപ്പിന്റെ ലക്ഷ്യം സഭയുടെ ഐക്യം തന്നെയാണ്. വ്യവസ്ഥാപിതമായ വിധി നടത്തിപ്പ് സഭയെ ഐക്യത്തിലേക്ക് നയിക്കാം.

നവമാധ്യമങ്ങളിൽ നേതാക്കന്മാരെ അവഹേളിക്കുന്ന പ്രവണതയോടുള്ള പ്രതികരണം?

വിമർശനങ്ങൾ ആവശ്യമാണ്. അതുണ്ടാകണം. അപമാനിക്കൽ നടക്കുന്നുണ്ടായിരിക്കും. അത് ഓരോരുത്തരുടെ ജനിതകവും ആർജ്ജിതവുമായ സംസ്ക്കാരത്തിന്റെ പ്രകടനമാണ്. അത് മാറ്റാനാകില്ല. അതുകൊണ്ട് അതിനെതിരെ പ്രതികരിക്കാതിരിക്കുകയാണ് ഉത്തമം.

ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്

1 വർഷത്തേക്ക് – 100 രൂ.

ആയുഷ്ക്കാലം – 1000 രൂ.

വിദേശത്ത് – 6000 രൂ. (100 ഡോളർ)

അറിയിപ്പ്

വടകര (കൂത്താട്ടുകുളം) സന്തുല ട്രസ്റ്റ് ആശുപത്രിയിൽ ജനറൽ മെഡിസിൻ ഔട്ട്പേഷ്യന്റ് വിഭാഗത്തിൽ **ലെഫ്. കേണൽ ഡോ. വിനോദ് രാഘവൻ** എം.ഡി.യുടെ സേവനം എല്ലാദിവസവും ലഭ്യമാണ്.

മാസത്തിൽ രണ്ടും നാലും ശനിയാഴ്ചകളിൽ **ഹോമിയോ ചികിത്സാ** സൗകര്യവും ഒരുക്കിയിട്ടുണ്ട്.

വേദവിചാരം

അധികാര-അവകാശസ്ഥാപനം സ്നേഹത്താൽ നിയന്ത്രിതമാകണം

1 കൊരി. 8:12

ഡോ. തോമസ് അത്താനാസ്യോസ്

'ഇപ്രകാരം സഹോദരങ്ങൾക്കെതിരായി പാപം ചെയ്യുമ്പോഴും അവരുടെ ദുർബല മനഃസാക്ഷിയെ മുറിപ്പെടുത്തുമ്പോഴും നീ ക്രിസ്തുവിനെതിരായി പാപം ചെയ്യുന്നു.'

ഇവിടെ പൗലോസ് അപ്പസ്തലൻ വിശ്വാസിയുടെ സ്വാതന്ത്ര്യാവകാശങ്ങളെയും അവയുടെ പരിധിയെയും സംബന്ധിച്ചാണ് സംസാരിക്കുന്നത്. വ്യക്തികളുടെയും സമൂഹത്തിന്റെയും അവകാശ-സ്വാതന്ത്ര്യങ്ങളെക്കുറിച്ച് ഏറെ സംവാദം നടക്കുന്ന ഇക്കാലത്ത് ക്രൈസ്തവ വിശ്വാസികളും സഭാശുശ്രൂഷകരും പുനർചിന്തിക്കേണ്ട ഒരു വിഷയമാണിത്.

ഏതു ഭക്ഷണവും കഴിക്കുവാനുള്ള വ്യക്തിയുടെ സ്വാതന്ത്ര്യമാണ്. കൊരിന്ത്യർക്ക് എഴുതിയ ഒന്നാം ലേഖനത്തിന്റെ 8-ാം അദ്ധ്യായത്തിൽ വി. പൗലോസ് പ്രതിപാദിക്കുന്നത്. ഏതെങ്കിലും ഭക്ഷണയിനം മനുഷ്യനെ ദൈവത്തിങ്കലേക്ക് അടുപ്പിക്കുന്നില്ല. അത് കഴിക്കാതിരിക്കുന്നതുകൊണ്ട് ദൈവസ്നേഹത്തിൽ നിന്ന് പുറത്ത് ആയിത്തീരുന്നുമില്ല. പക്ഷേ, ഒരു കാര്യം പൗലോസ് ശ്ലീഹ ഓർമ്മിപ്പിക്കുന്നു: നിങ്ങളുടെ ഭക്ഷണസ്വാതന്ത്ര്യം സാധുക്കളായ മറ്റുള്ളവരുടെ മനഃസാക്ഷിയെ ഭാരപ്പെടുത്തരുത് (8:8,9). നിങ്ങൾ ഈ സ്വാതന്ത്ര്യം ദുരുപയോഗപ്പെടുത്തുന്നെങ്കിൽ ക്രിസ്തുവിനെതിരെ പാപം ചെയ്യുന്നു (8:12).

ഈ അദ്ധ്യായത്തിന്റെ ആദ്യഭാഗത്ത് വി. പൗലോസ് ക്രിസ്തീയ അറിവിനെക്കുറിച്ചും അതുണ്ടാക്കുന്ന തിരിച്ചറിവിനെപ്പറ്റിയും പറയുന്നുണ്ട്. അതിനുശേഷമാണ് ഈ ചിന്തയിലേക്ക് വരുന്നത്. ഒരുവന് ഏത് ഭക്ഷണം കഴിക്കുവാനും സ്വാതന്ത്ര്യവും അവകാശവും ഉണ്ട്. എന്നാൽ ആ ഭക്ഷണം കഴിക്കൽ അത്രതന്നെ പ്രബുദ്ധനല്ലാത്ത, ദുർബല മനഃസാക്ഷിക്കാരനായ സഹവിശ്വാസിക്ക് ഏതെങ്കിലും വിധത്തിൽ ഇടർച്ചയോ ഭാരമോ വരുത്തുന്നുവെങ്കിൽ ആ സ്വാതന്ത്ര്യം പ്രയോഗിക്കരുത്. അതുകൊണ്ടാണ് പൗലോസ് ശ്ലീഹാ ശക്തമായി പ്രഖ്യാപിക്കുന്നത്: "ഞാൻ മാംസഭക്ഷണം കഴിക്കുന്നത് എന്റെ സഹോദരന് ഇടർച്ച വരുത്തുന്നുവെങ്കിൽ ഞാനത് കഴിക്കുകയില്ല" (8:13).

വി. പൗലോസ് ഇക്കാര്യം വിശദീകരിക്കുന്നതിനായി ഇതേത്തുടർന്നുള്ള അദ്ധ്യായം മുഴുവനും തന്നെ ഉപയോഗപ്പെടുത്തുന്നു. ക്രിസ്തുവേശുവിന്റെ ഒരു അപ്പസ്തലൻ എന്ന നിലയിൽ എനിക്ക് ഏതുഭക്ഷണവും കഴിക്കാൻ അനുവാദമില്ലേ? മറ്റു ശിഷ്യന്മാരേപ്പോലെ ഒരു സ്ത്രീയെ വിവാഹം ചെയ്ത് കൂടെ കൊണ്ടുനടക്കാൻ അനുവാദമില്ലേ? ദൈവവേല ചെയ്യുന്നതുകൊണ്ട് അധ്വാനിക്കാതെ ഉപജീവനം കണ്ടെത്തുവാൻ അവകാശമില്ലേ? മുന്തിരിത്തോട്ടം നട്ടുപിടിപ്പിക്കുന്നവന് അതിന്റെ ഫലം തിന്നാൻ സ്വാതന്ത്ര്യമില്ലേ? പശുവിനെ പോറ്റുന്നവന് അതിന്റെ പാൽ കുടിക്കാൻ മറ്റാരുടെയെങ്കിലും അനുവാദം ആവശ്യമുണ്ടോ? എന്നിങ്ങനെയുള്ള കാര്യങ്ങൾ അദ്ദേഹം ചോദിക്കുന്നു (9:1-12).

ഇതിനെല്ലാം 'ഉണ്ട്' എന്ന് ഉത്തരം പറഞ്ഞുകൊണ്ട് അദ്ദേഹം ഉറപ്പിച്ച് പ്രഖ്യാപിക്കുന്നു, "എന്നാൽ ഇവയെല്ലാം ഞാൻ എന്റെ ജീവിതലക്ഷ്യത്തെപ്രതി-ക്രിസ്തുസ്നേഹത്തെ പ്രതി-ഉപേക്ഷിക്കുന്നു." അദ്ദേഹം തുടരുന്നു, "ഞാൻ ഈ അവകാശങ്ങളൊന്നും ഉപയോഗപ്പെടുത്തിയിട്ടില്ല. സുവിശേഷത്തെ പ്രതി ഞാൻ എല്ലാം വർജ്ജിക്കുന്നു. എന്റെ കൈകൾകൊണ്ട് അധ്വാനിച്ച് ഞാൻ ജീവിതമാർഗ്ഗം കണ്ടെത്തുന്നു. മറ്റുള്ളവരെ പ്രതി അവരുടെ ജീവിതശൈലി അവലംബിക്കുന്നു." ഇവിടെ വലിയൊരു പാഠമാണ് വി. പൗലോസ് നൽകുന്നത്. അനുവദനീയമെങ്കിലും മറ്റുള്ളവരെ പ്രതിയും സുവിശേഷത്തെ പ്രതിയും അവകാശസ്വാതന്ത്ര്യങ്ങൾ ഉപേക്ഷിച്ച് ക്രിസ്തീയ സ്വാതന്ത്ര്യത്തിന്റെ അർത്ഥവും ഉള്ളടക്കവും പ്രകടമാക്കുന്നു.

എന്താണ് വി. പൗലോസിന്റെ സ്വാതന്ത്ര്യസങ്കല്പത്തിന്റെ അടിസ്ഥാനം? അധികാര അവകാശബോധമല്ല ക്രിസ്തുവിനോടുള്ള അടിമത്തമാണ് സ്വാതന്ത്ര്യസങ്കല്പത്തിന്റെ അടിസ്ഥാനമായി പൗലോസ് സ്വീകരിച്ചിരിക്കുന്നത്. കാലിത്തൊഴുത്തിൽ ജനിച്ച് ആശാരിപ്പണി തൊഴിലായി സ്വീകരിച്ച് ശിഷ്യന്മാരുടെ പാദങ്ങൾ കഴുകി എളിമയുടെ മാതൃക കാണിച്ച ക്രിസ്തുവിനെ ആഡംബരജീവിതം വഴിയും സ്ഥാനപ്രഭാവം കാണിച്ചും അവകാശങ്ങൾ നേടിയെടുത്തും അനുകരിക്കാനാവില്ല. അതാണ് പൗലോസ് പറയുന്നത്. "ഞാൻ സ്വതന്ത്രനാണ് എങ്കിലും ഞാൻ എല്ലാവർക്കും അടിമയാണ്" (9:19). ഈ പ്രസ്താവനയുടെ അടിത്തറ അദ്ദേഹം ക്രിസ്തുവിന്റെ അടിമയാണ് എന്ന ബോധ്യമാണ്. അതുകൊണ്ട് വിശ്വാസിയെ സംബന്ധിച്ച് ലബ്ധമായ അധികാര-അവാകാശ സ്വാതന്ത്ര്യങ്ങൾ നടപ്പിലാക്കി അധിനിവേശവും ആത്മപ്രശംസയും നടത്തുകയല്ല ദൈവ

ലേഖനം

മലങ്കര സഭാ ഐക്യം: എക്യൂമെനിക്കൽ കാഴ്ചപ്പാടിൽ

ഫാ. എബ്രഹാം കാരാമ്മേൽ

കഴിഞ്ഞ ഇരുപത് വർഷത്തിൽ അധികമായി കേരളത്തിലെ പൊതുസമൂഹവും ഇതര ക്രൈസ്തവസഭകളും ശ്രദ്ധയോടെ നോക്കിക്കാണുന്ന ഒന്നാണ് ഇപ്പോൾ മലങ്കരസഭയിൽ നിലനില്ക്കുന്ന സഭാതർക്കം എന്നത്. എന്നാൽ ഈ പ്രശ്നത്തിന്റെ വൈവിധ്യമാർന്ന തലങ്ങളെ വേണ്ടവിധം പരിഗണിക്കാതെയുള്ള പ്രതികരണങ്ങൾക്കും ചിന്തകൾക്കും ആണ് പൊതുസമൂഹത്തിലും ഇതര സഭാ വിഭാഗങ്ങളുടെ ഇടയിലും പ്രാമുഖ്യം ലഭിക്കുന്നത്. ഈ വിധത്തിലുള്ള സമീപനങ്ങളും ചിന്തകളും ഈ പ്രശ്നം രമ്യമായി പരിഹരിക്കുന്നതിന് സഹായകമാവുകയില്ല എന്നതാണ് വാസ്തവം. ഇന്ത്യയുടെ പരമോന്നത നീതിപീഠത്തിൽനിന്ന് ഉണ്ടായിട്ടുള്ള വിധിന്യായങ്ങൾ ഇതു സംബന്ധിച്ചുള്ള ഗൗരവമായ തീരുമാനങ്ങളാണ്. സഭയിലെ ഇരുവിഭാഗങ്ങളും അംഗീകരിച്ചതും നടപ്പാക്കുമെന്ന് പ്രതിജ്ഞയെടുത്തതുമായ ഈ ഉത്തരവുകളുടെ പ്രാഥമിക അടിസ്ഥാനം സഭയുടെ സമ്പൂർണ്ണ ഐക്യമാണ്. ഈ ഒരു താത്പര്യം സഭാപ്രശ്നവുമായി ബന്ധപ്പെടുന്ന ആർക്കും തിരസ്കരിക്കാൻ സാധിക്കാത്ത വസ്തുതയാണ്. ഐക്യ സാധ്യതകൾക്ക് ഇന്നും അടിസ്ഥാനമായി നിലനില്ക്കുന്ന സുപ്രീംകോടതിവിധി ക്രൈസ്തവ സഭകൾ ഇന്ന് ഉയർത്തിപ്പിടിക്കുന്ന എക്യൂമെനിക്കൽ ദർശനങ്ങൾക്ക് കൂടുതൽ കരുത്തേകുന്നു എന്നതും എടുത്ത് പറയേണ്ട ഒന്നാണ്. ഭാരത സഭകൾ കഴിഞ്ഞ നാളുകളിൽ ശക്തമായി വളർത്തിക്കൊണ്ടുവന്ന എക്യൂമെനിക്കൽ ദർശനങ്ങളുടെ അടിസ്ഥാനത്തിൽ ഈ പ്രശ്നത്തെ സമീപിക്കുന്നതും വിചിന്തനം ചെയ്യുന്നതും പ്രശ്നപരിഹാരത്തിന് ഉചിതമായിരിക്കും എന്നനിലയിൽ ഒരന്വേഷണം നടത്താൻ ശ്രമിക്കുകയാണ് ഇവിടെ.

എക്യൂമെനിക്കൽ ദർശനം

യേശുക്രിസ്തു ഐക്യത്തിന്റെ ലക്ഷ്യവും മാനദണ്ഡവും ആയി ക്രൈസ്തവസഭകൾക്ക് അനുഭവപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് എക്യൂമെനിക്കൽ പ്രസ്ഥാനം ആരംഭിക്കുന്നത്. 20-ാം നൂറ്റാണ്ട് എക്യൂമെനിക്കൽ രംഗത്തെ വളർച്ചയുടെ കാലഘട്ടത്തെയാണ് സൂചിപ്പിക്കുന്നത്. മിഷനറി സംരംഭങ്ങളുടെ ഏകോപനം എന്ന ആശയത്തിലൂടെ ആരംഭിച്ച് സഭകളുടെ ഐക്യം മാത്രമല്ല സൃഷ്ടിയുടെ മുഴുവൻ സമ്പൂർണ്ണ ഐക്യം എന്ന ആശയം ഉയർത്തിപ്പിടിക്കുന്ന വിശാല എക്യൂമെനിസം എന്ന ചിന്തയിൽ വരെ ക്രൈസ്തവ സഭകൾ എത്തിനിൽക്കുകയാണ്. ആഗോളമായി ഉയർന്നുവരുന്ന പ്രശ്നങ്ങളോടുള്ള ക്രിസ്തീയ പ്രതികരണവും നിലപാടും എന്ന നിലയിലാണ് ഈ മുന്നേറ്റങ്ങളെ കാണേണ്ടത്. അതോടൊപ്പം സഭകൾ തമ്മിലുള്ള ഭിന്നിപ്പും ആശയപരമായി

ത്തിൽ നിന്ന് ദാനമായി ലഭിച്ച അവകാശങ്ങൾ പോലും ആവശ്യമെങ്കിൽ വേണ്ടെന്നു വയ്ക്കുന്നതാണ് ക്രിസ്തീയ ധീരത എന്നു പറയുന്നത്.

ലോകത്തിലെ ഏറ്റവും വലിയ സഭാകൂട്ടായ്മയുടെ അദ്ധ്യക്ഷനെങ്കിലും 'മാർപ്പാപ്പ' കിലോമീറ്റർ നീണ്ട അധികാര വിശേഷണങ്ങളൊന്നും പേരിനുമുമ്പ് ചേർത്ത് കാണാറില്ല. മറ്റുള്ളവരിൽ ആദരവ് സൃഷ്ടിക്കുവാൻ വേണ്ടി കാണിക്കുന്ന ആഡംബര തൃഷ്ണയും അധികാര പ്രവണതയും സംസാരത്തിൽ പ്രകടമാക്കുന്ന ധാർഷ്ട്യവുമെല്ലാം ക്രൈസ്തവനേതാക്കൾ കാണിക്കുന്നത് ദുഃഖകരമാണ്. പുരോഹിതരും സന്യസ്തരും വിലയേറിയ കാറുകൾ ഉപയോഗിക്കുന്നതും ആഡംബരജീവിതം നയിക്കുന്നതും സംബന്ധിച്ച് ഫ്രാൻസിസ് പോപ്പ് തിരുമേനി വിലപിക്കുന്നതു കേട്ടിട്ടും നമുക്കാർക്കും ലജ്ജ തോന്നാറില്ല. ആർച്ച് ബിഷപ്പ് പൗവ്വത്തിൽ പോലെയുള്ളവരുടെ ലളിതമായ ജീവിതശൈലി കാണുമ്പോൾ എനിക്കുണ്ടാകുന്ന അപമാനഭാരം ചില്ലറയല്ല. വി. പൗലോസിന്റെ ജീവിതദർശനം ഉൾക്കൊള്ളാൻ കഴിയാത്തവർക്ക് സാക്ഷ്യമില്ല, അപമാനം തോന്നുകയുമില്ല.

'അറിവ് അഹന്ത ജനിപ്പിക്കുന്നു. സ്നേഹമോ ആത്മീയോൽക്കർഷം വരുത്തുന്നു. അറിവുണ്ടെന്ന് ഭാവിക്കുന്നവൻ അറിയേണ്ടത് അറിയുന്നില്ല' (8:2-3). മനുഷ്യജീവിതത്തെ ധന്യമാക്കുന്നത് അധികാര-അവകാശ-സ്വാതന്ത്ര്യങ്ങളുടെ നിർവ്വഹണമല്ല. സ്നേഹത്തിന്റെ പ്രകാശനമാണ്. അതുകൊണ്ടാണ് സംഘർഷം ഉള്ളിടത്ത് ആർക്കും അധികാരസ്ഥാപനത്തിന് കഴിയാതെ വരുന്നത്. അത് ആഡംബരം ഉപേക്ഷിക്കാൻ പ്രേരണ നൽകുന്നു. വേണ്ടിവന്നാൽ ആവശ്യങ്ങൾ പോലും. നമ്മെ പകയ്ക്കുന്നവരോടും പോലും ബന്ധത്തിൽ ഇടർച്ച പറ്റിയാൽ തിരുത്തുവാൻ പ്രേരണ നൽകുന്നത് സ്നേഹമാണ്. ക്രിസ്തീയ ജീവിതം അവകാശസ്ഥാപനത്തിന്റേതല്ല. സ്നേഹത്തിന്റെയും സാക്ഷ്യത്തിന്റെയുമാണ്. അത് നാം തിരിച്ചറിയണം. "It is better to bend a little for the sake of Christ than to break a beautiful relationship and jeopardize the witness."

അവയെ വിഭജിച്ചുനിർത്തിയ ഘടകങ്ങളും ചർച്ചകളിലൂടെ പരിഹരിച്ച് ഐക്യവും സൗഹൃദവും സാധ്യമാക്കുന്ന സാഹചര്യങ്ങളാണ് എക്യൂമെനിക്കൽ പ്രസ്ഥാനം സംഭാവന ചെയ്തത്. ക്രിസ്തീയ സഭയുടെ ചരിത്രത്തിൽ സംഭവിച്ച പിരിച്ചിലുകളെയും അവയ്ക്ക് ആധാരമായി ഉയർത്തിയ പ്രശ്നങ്ങളെയും വസ്തുനിഷ്ഠമായി സമീപിക്കാനും സഭകൾക്ക് കരുത്തും ഊർജവും നൽകി. ഈസ്റ്റേൺ ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ തമ്മിൽ നിലനിന്നിരുന്ന ചരിത്ര-വേദശാസ്ത്രപരമായ അകൽച്ചകൾക്ക് അയവ് വരുത്തുന്നതിനും ഐക്യത്തിന്റെ പുതിയ മേഖലകൾ കണ്ടെത്തുന്നതിനും സാധിച്ചു എന്നതും പ്രത്യേകം എടുത്ത് പറയേണ്ട ഒന്നാണ്. ഇന്ത്യയിലെ ക്രൈസ്തവസഭകളുടെ ഇടയിലും വിജയകരമായി ഐക്യമുന്നേറ്റം നടത്തുവാൻ സാധിച്ചു. CNI, CSI സഭകളുടെ രൂപീകരണം ആഗോള എക്യൂമെനിക്കൽ പ്രസ്ഥാനത്തിന് ഇന്നും ഒരു വെല്ലുവിളിയായി നിലനിൽക്കുന്നു.

എക്യൂമെനിക്കൽ ചിന്തകളും ദർശനങ്ങളും കേരളത്തിലെ സഭകളുടെ മദ്ധ്യത്തിലും കാര്യമായ ചലനങ്ങളാണ് സൃഷ്ടിച്ചത്. പുതിയ വേദികൾ സാധ്യമായി, കൂട്ടായ ലക്ഷ്യങ്ങൾക്കും പ്രവർത്തനങ്ങൾക്കും വേണ്ടി യത്നിക്കാൻ ധൈര്യം കൈവന്നു. ചുരുക്കത്തിൽ ആഗോള ദേശീയ തലങ്ങളിൽ എക്യൂമെനിക്കൽ ചിന്ത ഐക്യവും അനുരഞ്ജനവും സാധ്യമാക്കുന്ന പുതിയ മേഖലകളാണ് തുറന്നുതന്നത്. എക്യൂമെനിക്കൽ ദർശനത്തിന്റെ അടിസ്ഥാനത്തിൽ കേരള സഭയുടെ പരസ്പരമുള്ള സഹവർത്തിത്വവും അറിവും ഐക്യത്തിന്റെയും അനുരഞ്ജനത്തിന്റെയും അടിസ്ഥാനത്തിൽ മാത്രമെ ആകാൻ സാധിക്കുകയുള്ളൂ. ഈയൊരു ചിന്തയുടെ പിൻബലത്തിൽ മലങ്കര സഭയിലെ പ്രശ്നങ്ങളെ സമീപിക്കുമ്പോൾ എക്യൂമെനിക്കൽ ദർശനം ശക്തമായ വെല്ലുവിളിയാണ് ഉയർത്തുന്നത്. ഒരേ വിശ്വാസവും പാരമ്പര്യവും ആരാധനയും ഉള്ള മലങ്കരസഭയിൽ ഐക്യം മാത്രമാണ് പോംവഴി. പ്രത്യേകിച്ച് അനുരഞ്ജനത്തിനും സമാധാനത്തിനും ഉള്ള വ്യക്തമായ നിർദ്ദേശങ്ങളും തീരുമാനങ്ങളും ഇന്ത്യയുടെ പരമോന്നതനീതിപീഠം നൽകിയിട്ടുള്ള സാഹചര്യത്തിൽ. അതോടൊപ്പം ഐക്യത്തിന് വേണ്ടിയുള്ള ആഹ്വാനവും പ്രേരണയും തീരുമാനങ്ങളും പ്രാർത്ഥനയും ആണ് എക്യൂമെനിക്കൽ യുഗത്തിൽ ഈ അനുഭവം പങ്കുവയ്ക്കുന്ന ഇതര ക്രൈസ്തവസഭകളിൽ നിന്നും മലങ്കര സഭ പ്രതീക്ഷിക്കുന്നതും.

സുപ്രീംകോടതി വിധിയുടെ എക്യൂമെനിക്കൽ സ്വഭാവം

ഇന്ത്യൻ ജുഡീഷ്യറിയിൽ പൂർണ്ണമായ വിശ്വാസം അർപ്പിച്ചാണ് സഭയിലെ ഇരുവിഭാഗവും 1995-ൽ സുപ്രീംകോടതിയിൽ ഈ കേസിന്റെ വാദം ആരംഭിക്കുന്നത്. കേസ് പരിഗണിച്ച ആദ്യദിവസം തന്നെ ഈ കേസ് ഒരു സഭയെ സംബന്ധിക്കുന്നതാകയാൽ ഒരു മദ്ധ്യസ്ഥന്റെ സഹായത്തോടെ പരിഹരിച്ചുകൂടെ എന്ന് സുപ്രീംകോടതി ഇരുകക്ഷികളോടും ആരാഞ്ഞു. ഇരുവിഭാഗവും തങ്ങൾക്ക് ഈ കോടതിയിൽ പൂർണ്ണവിശ്വാസമാണ് എന്നും കോടതി ഈ വിഷയം തീർപ്പാക്കിയാൽ മതിയെന്നും സമ്മതിക്കുകയായിരുന്നു. ഈയൊരു താത്പര്യം കോടതിവിധിയിൽ രേഖപ്പെടുത്തുന്നുമുണ്ട്. "When hearing of these appeals commenced it was felt both at the outsets and in the midst that if both parties agreed, the dispute could be referred to some high-powered committee of religious authorities. But probably the issue being less religious and more legalistic and technical, both the parties through their counsel respond confidence in this court and entreated the bench to bring an end to this litigation." (Supreme Court judgement published by MOS Publication, Kottayam. page 165)· ഇതിന്റെ അടിസ്ഥാനത്തിൽ ദിവസങ്ങളോളം നീണ്ട വാദങ്ങൾക്ക് ശേഷം കോടതി പുറപ്പെടുവിച്ച വിധി അതിന്റെ സ്വഭാവത്തിലും ഉള്ളടക്കത്തിലും എക്യൂമെനിക്കൽ സ്വഭാവം നിലനിർത്തി. മലങ്കര സഭയിൽ നിലനില്ക്കുന്ന പ്രശ്നങ്ങൾ തികച്ചും ഭരണപരമായ പ്രശ്നങ്ങളിൽ നിന്ന് ഉത്ഭവിച്ചതാണ് എന്ന നിലയിലാണ് കോടതി കണ്ടത്. ഭരണപരമായ പ്രശ്നങ്ങൾ എന്ന നിലയിൽ മാത്രമാണ് ഇരുവിഭാഗവും ഈ വിഷയത്തെ സമീപിച്ചത് എന്നതും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സഭയുടെ ചരിത്രത്തിൽ ഇത്തരത്തിൽ നിലനിന്നിരുന്ന പ്രശ്നങ്ങളെ ചരിത്രബോധത്തോടും നീതിനിഷ്ഠയോടും സമീപിച്ച് പരിഹരിക്കാൻ ശ്രമിക്കുകയാണ് കോടതി ചെയ്തത്. 2017 ജൂലൈ 3 ലെ കോടതിവിധി 1995-ലെ സുപ്രീംകോടതിവിധി ദുർവ്യാഖ്യാനം ചെയ്ത് കോടതിയുടെ ഐക്യാഹ്വാനത്തെ തകർത്തവർക്കുള്ള ചുട്ടമറുപടിയാണ്. പള്ളികൾ സ്വതന്ത്രമാണ്. തങ്ങൾക്ക് ഇഷ്ടമുള്ള ഭരണക്രമീകരണവുമായി ബന്ധപ്പെട്ട് പള്ളികൾക്ക് നിലകൊള്ളാം. പരി. പാത്രിയർക്കീസ് ബാവായ്ക്ക് 1934-ലെ സഭാഭരണഘടനയ്ക്ക് അതീതമായി പരമാധികാരം ഉണ്ട് എന്നിങ്ങനെയുള്ള വാദങ്ങളുയർത്തി മലങ്കരസഭയെ തെരുവിലേക്ക് വലിച്ചിഴച്ച് അധികാരമോഹികൾക്ക് ഏറ്റ കനത്ത തിരിച്ചടിയാണ്. ഇതോടൊപ്പം മലങ്കസഭയുടെ ദേവാലയങ്ങൾ പങ്കിട്ടുകൊടുത്ത് പ്രശ്നം തീർക്കാൻ മുന്നിട്ടിറങ്ങിയവർക്ക് ഇതൊരു കനത്ത പ്രഹരം ആകുകയും ചെയ്തു. മലങ്കരസഭ 1934-ലെ ഭരണഘടനയനുസരിച്ച് ഭരിക്കുന്നിടത്തോളം കാലം അതിന് ഐക്യത്തെക്കുറിച്ച് പറയാൻ മാത്രമേ സാധിക്കൂ. അങ്ങനെയല്ലാതെ ആരെങ്കിലും പറയുന്നുണ്ടെങ്കിൽ ഭരണഘടന എന്തെന്ന് അറിയാത്ത അജ്ഞാനികളാണ് അവർ എന്ന് പറയേണ്ടിവരും.

മലങ്കര സഭയുടെ ഐക്യമാണ് പ്രശ്നപരിഹാരത്തിന് കോടതി കണ്ടെത്തുന്ന വഴി. സഭാ സ്ഥാനികളുടെ അധികാരവും സ്ഥാനവും, 1934

ലേഖനം

കടൽ

ജോയി മേങ്കോട്ടിൽ

വചനം: വി. മർക്കോസ് 6:49, 50. 'അവൻ കടലിന്മേൽ നടക്കുന്നതു കണ്ടിട്ടു ഭൂതം എന്ന് അവർ നിരൂപിച്ച് നിലവിളിച്ചു. എല്ലാവരും അവനെകണ്ട് ഭ്രമിച്ചിരുന്നു. ഉടനെഅവൻ അവരോട് സംസാരിച്ചു. ധൈര്യപ്പെടുവിൻ ഞാൻ തന്നെ ആകുന്നു. ഭയപ്പെടേണ്ട എന്നു പറഞ്ഞു'.

ഇസ്രായേൽ ജനത വാഗ്ദത്ത ദേശമായ കാനാനിലേക്കുള്ള യാത്രയിൽ ഇടറി നിന്നത് ചെങ്കടലിന്റെ മുമ്പിലാണ്. പിന്നിലാകട്ടെ ഫറവോയുടെ സൈന്യവും! അശരണരായ ഇസ്രായേൽ ജനത്തിന്റെ നിലവിളികൾക്കിടയിൽ നിന്ന് മോശ ചെങ്കടലിനു കുറുകെ യഹോവ കരുതലായ്ക്കൊടുത്ത വടിയൊന്നു നീട്ടിയതേയുള്ളൂ, കടൽ പിളർന്ന് തെളിഞ്ഞ മണ്ണിലൂടെതന്നെ വഴിയൊരുക്കി മറുകരയിലെത്തിച്ചു അവരെ! യഹോവ വിളിച്ചു വേർതിരിച്ച അവന്റെ സ്വന്തം ജനതയ്ക്കായി ഏതൊരു കടലിനു നടുവിലൂടെയും വഴിയൊരുക്കുമെന്ന് കരുതലുള്ള സ്നേഹത്തിന്റെ ആദ്യപാഠം! ഒരു ജനതയുടെ പിൽക്കാല ജീവിതത്തിന്റേയും ഹൃദയനിലങ്ങളുടേയും ആഴങ്ങളിൽ പെയ്തിറങ്ങിയ വിശ്വാസത്തിന്റേയും ആശ്രയബോധത്തിന്റേയും തെളിഞ്ഞുവരുന്ന വഴി തന്നെ ഇത്! വാഗ്ദത്ത പറുദീസയിലേയ്ക്കുള്ള പ്രയാണത്തിൽ നമ്മുടെ ഉള്ളിലുള്ള ചില കടലുകളൊക്കെ പകുത്തുകിട്ടേണ്ടതുണ്ട്. ചില ശാഠ്യങ്ങളുടെ, ശീലങ്ങളുടെ, അതൊക്കെ നമ്മളിൽ സൃഷ്ടിച്ചിരിക്കുന്ന അഹംബോധത്തിന്റെ കടലുകൾ പിളർന്നുതന്നെ വേണം കാനാനിലേയ്ക്കുള്ള വഴി കണ്ടെത്തുവാൻ! അതിനാകട്ടെ നമുക്കായി നീട്ടാനൊരു കരവും അതിലൊരു കരുതലിന്റെ വടിയും താങ്ങായി ഉണ്ടാകണമെന്നു മാത്രം! 'നിന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കുന്നു' എന്നൊക്കെ സങ്കീർത്തകൻ കുറിച്ചിടുമ്പോൾ ഇത് നമ്മുടെയൊക്കെ ജീവിതത്തിന്റേയും ഊന്നുവടിയാകണമെന്ന് ആഗ്രഹിച്ചുതന്നെ!. ഒരിക്കലും വേലിയേറ്റം നിലയ്ക്കാത്ത ഈ ജീവിതക്കടലിന്റെ ഓരത്തിരുന്ന് ഈ ഓളപ്പരപ്പിലല്പം ശാന്തതയും സ്വാസ്ഥ്യവുമൊക്കെ ആഗ്രഹിച്ചുപോകാത്തവരാരുണ്ട്! അപ്പോൾ നമുക്കായി നീട്ടപ്പെടുന്ന ഒരു കരം ഇന്നും, എന്നും, നമുക്ക് ചാരെ തന്നെയുണ്ടെന്ന് ധ്യാനിക്കണം! ആ കരത്തിലേക്ക് നാമൊന്ന് മുറുകെ പിടിക്കുകയേ വേണ്ടൂ ......!

അത് പഠിപ്പിക്കുവാൻ വേണ്ടിയാണല്ലോ ക്രിസ്തു കലിതുള്ളിയ കടലിന്റെ ക്ഷോഭത്തെ വിസ്മരിച്ച് പടകിൽ കിടന്നുറങ്ങിയത്. കൂടെ നടത്തി അത്ഭുതങ്ങളും അടയാളങ്ങളും കൊണ്ട് പഠിപ്പിച്ചെടുത്ത ശിക്ഷ്യഗണത്തിനും കടൽക്ഷോഭത്തിനു നടുവിലുള്ള അവന്റെ നിസ്സംഗതയിൽ പരിഭവം തോന്നി. അതും കടലിനെജീവിതായോധനത്തിനായി കീഴടക്കുന്ന മുക്കുവന്റെ പരിഭവമാണെന്നു കൂടിയോർക്കണം. അതൊരു നിലവിളിയായിത്തന്നെ നിറഞ്ഞുനിന്നു. ഏതൊരു നിലവിളിക്കും സാന്ത്വനത്തിന്റെ മറുമൊഴിയേകുന്നവൻ ശിഷ്യരെ ശാസിച്ചിട്ടുതന്നെയാണ് കടലിനോട് ശാന്തമാകാൻ കല്പിക്കുന്നത്. ഏതൊരു കടൽക്ഷോഭത്തിന്റെ ഓളപ്പരപ്പിലും ഗുരുമൊഴിക്കുവേണ്ടി കാത്തുനിൽക്കാനുള്ള ക്ഷമ നഷ്ടപ്പെട്ടുവെന്നതാണ് ശിഷ്യരുടെ പിഴ! എപ്പോഴും ദൈവികശക്തിയിൽ ശരണപ്പെടാനുള്ള പാഠങ്ങൾ പാഴായിപ്പോകുന്നതു കാണുമ്പോൾ സ്നേഹത്തോടെ ശാസിക്കാതിരിക്കുന്നതെങ്ങനെ? ദൈവവും മനുഷ്യനും തമ്മിലുള്ള അകലം ഒരു വാക്കിന്റെ കൃപയിലൊളിച്ചുവച്ചിരിക്കുന്നുവെന്നും, അവനനുവദിക്കാത്ത ഒരു കൊടുങ്കാറ്റും ഈ കടൽ മീതെ വീശില്ലെന്നും ശിഷ്യർ തന്നെ മറന്നുപോയാലോ?

കടൽ വെള്ളത്തിന് ഉപ്പിന്റെ ചവർപ്പ് കലർന്നത് ഭൂമിയുടെ സങ്കടങ്ങളുടെ കണ്ണീർപ്പെയ്ത്തുകൊണ്ടാവും!. ജീവിതത്തിന്റെ ഈ കടൽപ്പരപ്പിലെ ആകസ്മികമായ തിരകളും ചുഴികളുമൊക്കെ കണ്ട് കരയാത്തവർ ആരാണുണ്ടാവുക? ഒന്നോർത്താൽ ഭൂമിയുടെ മുന്നിൽ രണ്ടും കടൽ തന്നെ എന്ന പോലെ

ലെ സഭാ ഭരണഘടനയുടെ സാധുതയും നിലനിൽപ്പും ഐക്യത്തിന്റെ ആധാരശിലകളാണ്. ഈ വിധിത്തീർപ്പുകളിലൂടെ കോടതിയുടെ നിരീക്ഷണങ്ങളും വിശ്വാസവും ഒരു എക്യൂമെനിക്കൽ പ്രക്രിയയുടെ വിശ്വാസ്യതയും ഐക്യദാഹവുമാണ് വെളിപ്പെടുത്തുന്നത്. വിഭജിച്ച് പിരിയാൻ മാത്രമുള്ള പ്രശ്നങ്ങൾ മലങ്കര സഭയിൽ ഇല്ലെന്നും പരിഹരിക്കാവുന്ന പ്രശ്നങ്ങൾ മാത്രമെയുള്ളൂ എന്നും കോടതി വിലയിരുത്തുകയും ആയത് പരിഹരിക്കുകയും ചെയ്യുകയാണ് ഉണ്ടായത്.

മലങ്കരസഭയിൽ ഇന്ന് നിലവിലിരിക്കുന്ന പ്രശ്നം ഒരു വൈകാരിക ക്രമസമാധാന പ്രശ്നമായി വളർത്തിക്കൊണ്ടുവരുന്നതിലും അങ്ങനെ മറ്റുള്ളവരെക്കൊണ്ട് ചിന്തിപ്പിക്കുന്നതിലും സഭയിലെ കലാപകാരികൾ വിജയിച്ചിട്ടുണ്ട്. എന്നാൽ അത്തരത്തിലുള്ള സമീപനങ്ങൾ ഈ പ്രശ്നം സമാധാനപരമായി പരിഹരിക്കുന്നതിന് സഹായകരമാവുകയില്ല എന്നതാണ് വസ്തുത. സഭയിലെ ബഹുഭൂരിപക്ഷം വിശ്വാസികളും അനുരഞ്ജനവും സമാധാനവും ആണ് ആഗ്രഹിക്കുന്നത് എന്നതും കാണാതെ പോകുന്ന കാര്യമാണ്. എക്യൂമെനിക്കൽ ദർശനത്തോടെ ഈ പ്രശ്നത്തെ സമീപിക്കാനും സുപ്രീംകോടതി വിധിയുടെ ചട്ടക്കൂടിൽ നിന്നുകൊണ്ട് മലങ്കരസഭയിൽ അനുരഞ്ജനം സാധ്യമാക്കാനും ആണ് പരിശ്രമിക്കേണ്ടത്. കാലഘട്ടം സഭയിൽ നിന്നും ആഗ്രഹിക്കുന്നതും അതുതന്നെയാണ്.

RNI No. KERMAL/2012/46014 Date of Publication 15-10-2017 Licence No. KL/CR/ALU/WPP-04/2016-18
Registered. Reg. No. KL/ALY/0067/2016-2018 Price Rs. 10/- Licensed to Post Without Pre-payment

നമ്മുടെയൊക്കെ ജീവിതങ്ങളും കൂടുതൽ സങ്കടങ്ങളുടെ കടൽ തന്നെ! രോഗങ്ങളുടെ കടബാദ്ധ്യതകളുടെ, നിന്ദനങ്ങളുടെ, ക്ഷതങ്ങളുടെ, അപ്രതീക്ഷിത വിയോഗങ്ങളുടെ...... നിലയില്ലാക്കയങ്ങളിൽ മുങ്ങിപ്പോകുമ്പോൾ താങ്ങാൻ നാം പ്രതീക്ഷിച്ച ഒരു കരവും നീണ്ടുവരുന്നില്ല എന്നുകൂടി അറിയുമ്പോൾ ഈ സങ്കടങ്ങളുടെ നടുക്കടലിൽക്കിടന്ന് കരയുകയല്ലാതെ പിന്നെ എന്തുചെയ്യാൻ?

ഇവിടെയാണ് ക്രിസ്തു പുതിയൊരു വഴി നമുക്ക് തുറന്നുതരുന്നത്. പഴയ നിയമ ഇസ്രായേലിന് കടൽ പിളർന്നാണു വഴി തെളിഞ്ഞതെങ്കിൽ പുതിയ ഇസ്രായേലിന് വഴിയൊരുക്കുന്നത് കടലിനു മുകളിലൂടെ തന്നെയാണ്. നമ്മുടെ എല്ലാ രോഗങ്ങളുടേയും, സങ്കടങ്ങളുടേയും കടലിനു മുകളിലൂടെ തന്നെയാണീ വഴി! നമ്മെ തളച്ചിടുന്ന ബന്ധനങ്ങളുടെ അധീശത്വ ശക്തികൾക്കു മുകളിലൂടെയുമാണീ വഴി. അതുകൊണ്ടുതന്നെയാണ് ക്രിസ്തു കടൽപ്പരപ്പിലൂടെ നടന്നുപോയത്. ഇങ്ങനേയും ഒരു വഴിയുണ്ടെന്ന് നമ്മെ ഓർമ്മപ്പെടുത്തിക്കൊണ്ട്!

കൊടുങ്കാറ്റിനെശാന്തമാക്കുന്ന സംഭവത്തിൽ യേശു പടകിൽ ശിഷ്യർക്കൊപ്പമുണ്ട്. ഇവിടെയാകട്ടെ ശിഷ്യഗണമൊറ്റയ്ക്കാണ് തുഴയുന്നത്. അതും ഇരുളിൽ തിരമാലകളിൽ ഇളകിമറിയുന്ന പടകിൽ! ഇവർക്കരികിലേയ്ക്കാണ് കടലിനുമേൽ ആധിപത്യമുള്ളവനായി ക്രിസ്തു കടന്നുവരുന്നത്. 'ധൈര്യമായിരിക്കുവിൻ ഞാനാണ് ഭയപ്പെടേണ്ട" എന്ന ദൈവ പ്രത്യക്ഷീകരണത്തിന്റെ ആവർത്തിക്കപ്പെടുന്ന ഉറപ്പുമായി! എന്നിട്ടും യേശു സാന്നിദ്ധ്യം തിരിച്ചറിയാതെ ശിഷ്യഗണം കൂടുതൽ ഭയാതുരരായി എന്നതു സത്യം. കാരണം യഹൂദ സംസ്ക്കാരത്തിൽ എല്ലാത്തരം അധീശശക്തികളുടേയും ആവാസസ്ഥാനമായിട്ടാണ് സമുദ്രത്തെ വിലയിരുത്തുക. ഇതുകൊണ്ടാണ് ക്രിസ്തുവിനെകണ്ട് ഭൂതം എന്നവർ തെറ്റിദ്ധരിക്കുന്നത്. ജീവിതത്തിലെ ഏത് തിരക്കോളിനു മുകളിലൂടെയും നടക്കാനാവുമെന്ന്, ഒരു ശക്തിയ്ക്കും അതിനെ തടസ്സപ്പെടുത്താനാവില്ലെന്നും ഇതിനെല്ലാം മീതെ നടന്നുതന്നെ കാണിച്ചുതന്നവൻ ക്രിസ്തു!. പക്ഷേ നാം പലപ്പോഴും ഉലഞ്ഞുപോകുന്നു. തിരച്ചാർത്തുകളിൽ മുങ്ങിപ്പോവുന്നു, പത്രോസിനെപ്പോലെ! പത്രോസ് ശങ്കയേതുമില്ലാതെ കടൽവെള്ളത്തിനു കുറുകെ ചവുട്ടി നടന്നവൻ തന്നെ! പക്ഷേ നമ്മെപ്പോലെ ഇടയ്ക്ക് ഇന്നലയുടെ സങ്കടങ്ങളിലേയ്ക്കും, നാളെയുടെ ഉത്കണ്ഠകളിലേയ്ക്കുമൊന്ന് പാളി നോക്കിപ്പോവുന്നു! അറിയാതെ അതിൽ മുങ്ങിപ്പോവുകയും!. ദൈവമെ... ഞങ്ങളുടെയെല്ലാ സങ്കടങ്ങളുടെ കടലിനു മുകളിലൂടേയും നടക്കാനുള്ള കൃപ... അതിനായി നമുക്ക് പ്രാർത്ഥിക്കാം.

കവിത

കൗടില്യം

ഫാ. ബിനോയ് ജോൺ

കൗടില്യ തന്ത്രം ഫണം വിടർത്തി
മൗര്യസംഘം നിറഞ്ഞാടിടുമ്പോൾ
എന്തേ ചതഞ്ഞരയുന്നു? നേരിൽ
പീഡയേൽക്കുന്നോന്റെ പൊൻവദനം

ഇല്ലയെന്നുള്ളിൽ തരിമ്പു സ്നേഹം
ഇല്ലെനിക്കീശ്വര വിശ്വാസവും
ഉള്ളതോ 'വിശ്വാസി'-പേരിൽ മാത്രം
ആടിത്തിമർക്കുന്നു ഞാനതിങ്കൽ!

ആഞ്ഞുവീശുന്നു ഞാൻ നാവിൻ മഴു
വെട്ടേറ്റു വീഴുന്നിതാ 'തരുക്കൾ'
ആട്ടം കാണുന്നു കഥയറിയാ-
താൾകൂട്ട മോർക്കുക ഗീബത്സിനെ

തെരുവിൽ, അങ്ങാടിയിൽ, പള്ളികളിൽ
കാത്തിരിക്കുന്നു കഴുകരേറെ!
കൊത്തിയെടുത്തു വലിച്ചുകീറി
ഉത്തമമൂല്യങ്ങൾ തിന്നു തീർക്കാൻ!

എത്ര കപോത രക്താങ്കിത മാ-
ണെന്റെ മിനുത്ത മേലങ്കിയിന്നും
എന്റെ സിംഹാസനം ചെമ്മഷിയും
നിന്നെപ്പുറത്താക്കി പണ്ടുപണ്ടേ!

ഇടയന്റെ വേഷമണിഞ്ഞ ചെന്നായ്
ഞാൻ തന്നെയെന്നറിയുന്നു ദേവാ!
കാലത്തിനൊത്തവനല്ലയെന്ന്
നിന്നെയെണ്ണുന്നോർക്ക് മാപ്പുനൽകൂ!

കുറിപ്പ്:

1. കൗടില്യൻ: മൗര്യസാമ്രാജ്യ സ്ഥാപകമായ ചന്ദ്രഗുപ്തമൗര്യന്റെ ഗുരുവും രാഷ്ട്രീയ ഉപദേഷ്ടാവും സാമ്പത്തിക ശാസ്ത്രജ്ഞനുമായിരുന്നു. അധികാരവും ലക്ഷ്യവും നേടുന്നതിന് മാർഗ്ഗത്തിന്റെ ധാർമ്മീകതയെ പരിഗണിക്കേണ്ടതില്ല എന്നതായിരുന്നുപക്ഷം.
2. മൗര്യസംഘം: ചന്ദ്രഗുപ്ത മൗര്യൻ മുതൽ അശോകചക്രവർത്തി വരെയുള്ള രാജാക്കന്മാർ യുദ്ധങ്ങളും കലാപങ്ങളും വഴി സാമ്രാജ്യം വികസിപ്പിച്ചു.
3. ഗീബത്സ്: പോൾ ജോസഫ് ഗീബത്സ്, നാസി ജർമ്മനിയിൽ ഹിറ്റ്ലറുടെ വിശ്വസ്തനായ മന്ത്രിയായിരുന്നു. ഒരു നുണ പല ആവർത്തി ഉരുവിട്ടാൽ അത് സത്യമെന്ന് ജനത്തെ ധരിപ്പിക്കാനാവും അദ്ദേഹത്തിന്റെ തത്വശാസ്ത്രമാണ്.
4. ചെമ്മഷി: സഭാവഴക്കിന്റെ കാരണങ്ങളിൽ ഒന്ന്. അധികാരത്തിന്റെ സൂചന.

Printed and published by Fr. Abraham Karamel, Secretary, Kandanad East Diocese, Bishop's House, Muvattupuzha - 686 661, Ph: 0485 2832401
Managing Editor : P.J. Varghese Ph: 0485 2253209, Printed at St. George Press, Muvattupuzha